**മൂന്നാം ഭാഗം**

# കളിപ്പാട്ടം

**അനുബന്ധം (അധ്യാപക സഹായി)**

## കളിത്തോണി (4+)

പ്രവർത്തന കാർഡുകളുടെ വിനിമയസഹായി


**കേരളസർക്കാർ**

പൊതു വിദ്യാഭ്യാസവകുപ്പ്

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

**2020**

*Chithra/Acad/Shy.tr/Pre primary teacher text_Part_3_(4+)*

*Prepared by:*
State Council of Educational Research & Training (SCERT)
Poojappura, Thiruvananthapuram -12, Kerala.
E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2019

## അധ്യാപകരോട്

പ്രീസ്കൂൾ വിദ്യാഭ്യാസരംഗം ശാസ്ത്രീയവും സമഗ്രവുമാക്കുന്നതിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കി വരികയാണ്. എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ കേരളത്തിലെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുന്നതിനായി പ്രീസ്കൂൾ പാഠ്യപദ്ധതിയും അധ്യാപകസഹായി 'കളിപ്പാട്ടവും' കാലോചിതമായി തയാറാക്കിയിട്ടുണ്ട്. അഞ്ച് വികാസമേഖലകളിലായി 87 ശേഷികൾ നാലുവയസ്സ് കഴിയുമ്പോഴേക്കും കുട്ടി നേടിയിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് പ്രീസ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കുട്ടിയുടെ പരിചിതപരിസരവുമായി ബന്ധപ്പെട്ട 30 തീമുകളിലായാണ് പ്രവർത്തനങ്ങൾ അധ്യാപിക ആസൂത്രണം ചെയ്യേണ്ടത്.

പ്രീസ്കൂൾ പ്രവർത്തകർക്ക് മികച്ച ഉൾക്കാഴ്ചയും വിനിമയ നൈപുണിയും ലഭിക്കും വിധം പിന്തുണാസംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി തയാറാക്കപ്പെട്ടതാണ് 'കളിപ്പാട്ടം' എന്ന അധ്യാപകസഹായി. തുടർന്ന് കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ അംഗീകൃത പ്രീസ്കൂളുകളിലെയും അധ്യാപകർക്ക് 'പ്രശിക്ഷാ' എന്ന പേരിൽ പരിശീലനം നൽകി. രക്ഷിതാക്കൾക്കും പ്രത്യേകമായ ബോധവൽക്കരണ ക്ലാസുകൾ ക്രമീകരിച്ചു. കുട്ടികൾക്കായി പ്രാഗ് വായന, പ്രാഗ്ഗണിതം, പ്രാഗ്ലേഖനം, സൂക്ഷ്മപേശീവികാസം, സർഗാത്മക വികാസം എന്നിവയ്ക്ക് സഹായകമായ പ്രവർത്തനകാർഡുകൾ, 'കളിത്തോണി' എന്ന പേരിൽ മൂന്ന് ഭാഗങ്ങളായി തയാറാക്കിയിട്ടുണ്ട്. കളിത്തോണി - മൂന്നാം ഭാഗത്തിൽ 21 മുതൽ 30 വരെയുള്ള തീമുകളെ വികാസമേഖലകൾ, ശേഷികൾ എന്നിവ പരിഗണിച്ച് തയാറാക്കിയിരിക്കുന്നു. കുട്ടിയുടെ പ്രായം, പ്രകൃതം, ശേഷികൾ എന്നിവ പരിഗണിച്ച് വിനിമയം ചെയ്യുന്നതെങ്ങനെയെന്ന് വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുന്നതാണ് ഈ കൈപ്പുസ്തകം. സ്വയം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തനകാർഡുകൾ വികസിപ്പിക്കുന്നതിനും അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്. ഈ കൈപ്പുസ്തകം ഫലപ്രദമായി പ്രയോജനപ്പെടുത്തുമല്ലോ.

ആശംസകളോടെ,

**ഡോ.ജെ. പ്രസാദ്**
ഡയറക്ടർ

## ശിൽപ്പശാലയിൽ പങ്കെടുത്തവർ

1. **മഹേഷ്കുമാർ. എം**
   അധ്യാപകൻ, ഗവ. എൽ.പി.എസ്. ചെറിയാക്കര, കാസർഗോഡ്
2. **സുരേഷ്ബാബു.കെ.കെ**
   റിട്ട. ട്രെയിനർ, എസ്.എസ്.എ, കണ്ണൂർ
3. **രഞ്ജിത്. കെ.പി**
   എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്.എസ്. അടൂർ, കാസർഗോഡ്
4. **ഷീബ. എസ്.ആർ**
   ഐ.സി.ഡി.എസ്. സൂപ്പർ വൈസർ, വാമനപുരം, അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട്, തിരുവനന്തപുരം
5. **സൈജ. എസ്**
   അധ്യാപിക, ഗവ.എൽ.പി.എസ്.കോയിപ്പാട്, കൊല്ലം
6. **ഷിനോജ്രാജ്**
   എഡിറ്റിങ് അസിസ്റ്റന്റ്, യുറീക്ക, ചാലപ്പുറം, കോഴിക്കോട്
7. **ഡോ. ബീന.കെ**
   റിസർച്ച് അസിസ്റ്റന്റ്,
   കേരള ചരിത്രഗവേഷണ കൗൺസിൽ, തിരുവനന്തപുരം
8. **രേണുക കുമാരി. എസ്**
   അങ്കണവാടി വർക്കർ, ഐ.സി.ഡി.എസ്, അർബൻ ഐ.സി.ഡി.എസ്. പ്രോജക്ട്, തിരുവനന്തപുരം
9. **അഞ്ജു. എ.ജി.**
   പ്രീപ്രൈമറി അധ്യാപിക,
   ഗവ.പി.പി.റ്റി.റ്റി.ഐ.നഴ്സറി സ്കൂൾ,
   കോട്ടൺഹിൽ, വഴുതയ്ക്കാട് തിരുവനന്തപുരം

## വിദഗ്ധർ

1. **ഡോ.സി.രാമകൃഷ്ണൻ**
   സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗം
2. **ഡോ.ആർ.ജയപ്രകാശ്**
   അഡീഷണൽ പ്രൊഫസർ, പീഡിയാട്രിക്സ് & ചൈൽഡ് സൈക്യാട്രിസ്റ്റ്, എസ്.എ.ടി ഹോസ്പിറ്റൽ, തിരുവനന്തപുരം
3. **ഡോ.ടി.പി കലാധരൻ**
   കൺസൾട്ടന്റ്, സമഗ്രശിക്ഷാ, കേരളം
4. **ഡോ.ആർ.പ്രസന്നകുമാർ**
   (റിട്ട.പ്രിൻസിപ്പാൾ, ഡയറ്റ്)
5. **ഡോ.പി.വി.പുരുഷോത്തമൻ**
   (റിട്ട. സീനിയർ ലക്ചറർ, ഡയറ്റ്)
6. **ഡോ.പി.ബഷീർ**
   സീനിയർ ലക്ചററർ, ഡയറ്റ്, മലപ്പുറം

## അക്കാദമിക് കോ-ഓഡിനേറ്റർ

**ഷൈലാജാസ്മിൻ. എൽ.എസ്.**

റിസർച്ച് ഓഫീസർ, പ്രീപ്രൈമറി വിദ്യാഭ്യാസ വിഭാഗം,

എസ്.സി.ഇ.ആർ.ടി

# കളിത്തോണി
# (വർക്ക്ഷീറ്റ്) ഉപയോഗിക്കുമ്പോൾ

തീമുകളിലെ ആശയങ്ങൾ വിനിമയം ചെയ്യുന്നതിന്റെ പ്രാരംഭമായോ കുട്ടിയുടെ ചിന്താശേഷി, സർഗാത്മകത എന്നിവയെ ഉണർത്തുന്നവയായോ, തീമുകളുടെ വിനിമയശേഷമുള്ള കുട്ടിയുടെ ധാരണ പ്രകടിപ്പിക്കുന്നതിനായോ വർക്ക്ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്. വിവിധ തീമുകളുമായി ബന്ധപ്പെടുത്തി നിശ്ചിതശേഷികളുടെ വികാസത്തിനായി നൽകുന്ന അനുഭവ പ്രവർത്തനങ്ങളുടെ തുടർച്ചയായോ പൂർത്തീകരണമായോ വിലയിരുത്തലായോ ഉപയോഗിക്കാവുന്നവയുമാണ് വർക്ക് ഷീറ്റുകൾ. ചില സാധ്യതകൾ ചുവടെ നൽകുന്നു.

* **തീം പ്രവർത്തനങ്ങൾ → വർക്ക്ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

തീമുമായി ബന്ധിപ്പിച്ച് അനുഭവങ്ങൾ നൽകുന്നതിന്റെ തുടർച്ചയായി സ്വാഭാവികതയോടെ വർക്ക്ഷീറ്റുകൾ നൽകി തുടർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

* **വർക്ക്ഷീറ്റ് + തീം പ്രവർത്തനങ്ങൾ → തീം പ്രവർത്തനങ്ങൾ → വർക്ക്ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

വർക്ക്ഷീറ്റ് പ്രവർത്തനമായിത്തന്നെ നൽകുകയും അതുമായി സ്വാഭാവികമായി കണ്ണിചേർത്ത് മറ്റ് പ്രവർത്തനങ്ങൾ നൽകുകയും ചെയ്യാം.

- ഒരു അനുഭവസാമഗ്രിയായി വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്തുകയാവാം.
- കുട്ടിയുടെ വർക്ക്ഷീറ്റുകളെ പരസ്പരം ബന്ധപ്പെടുത്തി വിശകലനം ചെയ്യാനും വികാസമേഖലയിലുള്ള വളർച്ച തിരിച്ചറിയാനും കഴിയുന്നവിധത്തിൽ വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്താം. ഒരു കുട്ടിയുടെ തന്നെ തുടർച്ചയായ പ്രവർത്തനങ്ങളിലുള്ള മാറ്റമാണ് വിലയിരുത്തേണ്ടത്.
- കുട്ടി ഏർപ്പെടുന്ന പ്രവർത്തനങ്ങളിലെ പ്രക്രിയ അധ്യാപിക നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്.
- വ്യത്യസ്ത കുട്ടികളുടെ വർക്ക്ഷീറ്റുകൾ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ഓരോ കുട്ടിയുടെയും വികാസഘട്ടങ്ങളിലുള്ള വേഗത വ്യത്യസ്തമാണ്. അതിനാൽ കുട്ടികളുടെ പ്രകടനങ്ങളെ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ലഭ്യമായിരിക്കുന്ന വർക്ക്ഷീറ്റുകളുടെ തുടർച്ചയായോ അതിന്റെ അനുബന്ധമായോ പുതിയ വർക്ക്ഷീറ്റുകൾ വികസിപ്പിക്കുന്നതിന് അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്.
- കുട്ടി വർക്ക്ഷീറ്റുകൾ ചെയ്തു കഴിഞ്ഞാൽ അതിന്റെ സൂക്ഷിപ്പ്, പുനരുപയോഗം എന്നിവയെപ്പറ്റി വ്യക്തമായ ധാരണ അധ്യാപികയ്ക്ക് ഉണ്ടായിരിക്കണം. പൂർത്തിയാക്കപ്പെട്ട വർക്ക്ഷീറ്റുകൾ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കേണ്ടതാണ്.

  വർക്ക്ഷീറ്റിനെ ഔപചാരികപഠനത്തിന്റെ രീതിയിൽ സമീപിക്കരുത്.

## വർക്ക്ഷീറ്റുകൾ – പ്രവർത്തനങ്ങൾ

**വിവിധ വികാസമേഖലകൾക്ക് പ്രാധാന്യം നൽകുന്ന വർക്ക്ഷീറ്റുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.**

### 1. ശാരീരിക ചാലകവികാസം

സൂക്ഷ്മപേശീവികാസത്തിനുവേണ്ടി മിക്കവാറും എല്ലാ വർക്ക്ഷീറ്റുകളിലും സാധ്യതകൾ ഒരുക്കിയിട്ടുണ്ട്. ചിത്രം വര, നിറം നൽകൽ, നിർമാണം എന്നിവ ഈ വികാസമേഖലകൾക്ക് ഊന്നൽ നൽകുന്നവയാണ്. വരച്ചുയോജിപ്പിക്കൽ, വട്ടമിടൽ, പ്രാഗ്ലേഖന പ്രവർത്തനങ്ങൾ എന്നിവ ചെയ്യുമ്പോഴും പേശീവഴക്കം ഉണ്ടാവുന്നുണ്ട്. കീറൽ, മുറിക്കൽ, ഒട്ടിക്കൽ തുടങ്ങിയ അനുഭവങ്ങളിലൂടെയും സൂക്ഷ്മപേശികളുടെ വികാസം സാധ്യമാവുന്നു.

3+ പ്രായത്തിലുള്ള കുട്ടികൾക്ക് സൂക്ഷ്മപേശികളുടെ വഴക്കം കുറവായിരിക്കും. അതിനാൽ അവർക്ക് ചെയ്യാൻ കഴിയുന്ന കുഞ്ഞു കുഞ്ഞു പ്രവർത്തനങ്ങളാണ് 'കളിത്തോണി' യിൽ നിർദേശിച്ചിട്ടുള്ളത്. ഇതു കൂടാതെ സ്ഥൂലപേശീവികാസത്തിനായി ഓട്ടം, ചാട്ടം, പടികൾ കയറിയിറങ്ങൽ, ഇഴയൽ തുടങ്ങി ഒട്ടേറെ അനുഭവപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കേണ്ടതുണ്ട്.

4+ കുട്ടികൾക്ക് കുറച്ചുകൂടി സൂക്ഷ്മത ആവശ്യമുള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണമായി കത്രിക ഉപയോഗിച്ചു കൃത്യമായി മുറിച്ചെടുക്കാനുള്ള പരിശീലനം. ഇതിനായി ശിശു സുരക്ഷിതമായ (Child Safe) കത്രികകൾ ഉപയോഗിക്കുന്നതാണ് നല്ലത്. കുത്തുകളിലൂടെ വരച്ച് ചിത്രം പൂർത്തിയാക്കൽ മറ്റൊരു പ്രവർത്തനമാണ്. ഒന്നാം തരത്തിൽ കുട്ടിക്ക് അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളുമെല്ലാം എഴുതേണ്ടതുണ്ട്. അതിനാൽ 4+ ൽ വച്ച് പ്രാഗ്ലേഖന പ്രവർത്തനങ്ങൾ ധാരാളമായി നൽകണം.

### 2. ഭാഷാവികാസം

ഭാഷണത്തിനാണ് പ്രീസ്കൂൾ കാലഘട്ടത്തിൽ ഏറെ പ്രാധാന്യമുള്ളത്. സങ്കോചവും ഭയവുമില്ലാതെ സംസാരിക്കാൻ കഴിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കാനാണ് നാം ശ്രമിക്കേണ്ടത്. ഇതിന് എല്ലാ വർക്ക്ഷീറ്റുകളിലും അവസരമുണ്ട്.

ചിത്രവായന, പ്രകൃതിനടത്തം, പാവകളി, റോൾപ്ലേ, കളികൾ, മറ്റ് അനുഭവപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഓരോ കുട്ടിക്കും സംസാരിക്കുവാൻ അവസരം ഒരുക്കേണ്ടതുണ്ട്. ചിത്രങ്ങളിൽ കാണുന്ന കാര്യങ്ങളെക്കുറിച്ചു പറയൽ, വരച്ചതോ നിറം കൊടുത്തതോ ആയ ചിത്രങ്ങളെക്കുറിച്ച് പറയൽ, മറ്റുള്ളവരുടെ ചിത്രങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ പറയൽ, ചെയ്ത കാര്യങ്ങളുടെ യുക്തിയും ന്യായീകരണങ്ങളും അവതരിപ്പിക്കൽ തുടങ്ങിയ ഭാഷണത്തിനുള്ള ഒട്ടേറെ സാധ്യതകൾ വർക്ക് ഷീറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

3+ പ്രായത്തിൽ സ്വന്തം ഗൃഹഭാഷയിലാണ് കുട്ടികൾ ആശയവിനിമയം നടത്തുക. ഈ സന്ദർഭത്തിൽ കളിയാക്കൽ, തടസ്സപ്പെടുത്തൽ, അവഗണിക്കൽ എന്നിവ അധ്യാപികയുടെ ഭാഗത്ത് നിന്നും ഉണ്ടാവരുത്. അത് കുട്ടിയുടെ ആത്മവിശ്വാസം തകർക്കും. സംസാരിക്കാനുള്ള പ്രോത്സാഹനമാണ് ആവശ്യം.

4+ ആകുമ്പോഴേക്കും ഗൃഹഭാഷയിൽ നിന്നും മാനകഭാഷയിലേക്ക് വളരാനാവശ്യമായ മാതൃകകളും അനുഭവങ്ങളും നൽകേണ്ടതുണ്ട്. അത്തരം സാധ്യതകൾ വർക്ക് ഷീറ്റുകൾ അവതരിപ്പിക്കുന്ന ഘട്ടത്തിൽ ബോധപൂർവം പ്രയോജനപ്പെടുത്താൻ നമുക്കാവണം. ഈ ഘട്ടത്തിൽ പ്രാഗ്ലേഖന പ്രവർത്തനങ്ങളും ഒരുക്കുന്ന തരത്തിലാണ് 'കളിത്തോണി'യിലെ വർക്ക്ഷീറ്റുകൾ ക്രമീകരിച്ചിട്ടുള്ളത്.

## 3. വൈജ്ഞാനിക വികാസമേഖല

ശാസ്ത്ര, ഗണിതശാസ്ത്ര മേഖലയിലുള്ള അനുഭവപ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വലുത്/ചെറുത്, കൂടുതൽ/കുറവ്, അടുത്ത്/അകലെ, നീളം കൂടിയത്/കുറഞ്ഞത്, ഉയരം കൂടിയത്/കുറഞ്ഞത് തുടങ്ങിയ പ്രാഗ് - ഗണിതാശയങ്ങൾ, വസ്തുക്കൾ എണ്ണൽ, പൊരുത്തപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് മുറിയിൽ ധാരാളം നേരനുഭവങ്ങൾ നൽകിയ ശേഷമാണ് വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തേണ്ടത്.

നിരീക്ഷണം, താരതമ്യം ചെയ്യൽ, സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ, തരംതിരിക്കൽ (വർഗീകരണം), കണ്ടെത്തലുകൾ അവതരിപ്പിക്കൽ തുടങ്ങിയ പ്രക്രിയാശേഷികളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ 'കളിത്തോണി'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചിത്രനിരീക്ഷണങ്ങൾ മാത്രമേ വർക്ക്ഷീറ്റുകളിലൂടെ സാധ്യമാവുകയുള്ളൂ. അതിനാൽ കണ്ടറിയൽ, കേട്ടറിയൽ, മണത്തറിയൽ, രുചിച്ചറിയൽ, തൊട്ടറിയൽ എന്നിവയിലൂടെയെല്ലാമുള്ള നിരീക്ഷണങ്ങൾക്ക് കൂടി അവസരം കിട്ടുന്നതരത്തിൽ പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. യുക്തിചിന്ത, കാര്യകാരണബന്ധങ്ങൾ കണ്ടെത്തിപ്പറയൽ, പാറ്റേണുകൾ രൂപീകരിക്കൽ, വിവിധതരം നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ, ഓർത്തുപറയൽ തുടങ്ങിയ അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കേണ്ടതാണ്.

മൂന്നു വയസ്സുകാർക്ക് ലളിതമായ പ്രാഗ് ഗണിതാശയങ്ങൾ, നിറങ്ങൾ തിരിച്ചറിയൽ, വ്യത്യാസം കണ്ടെത്തൽ, ചിത്രങ്ങൾ കണ്ട് അവയിലെ കാര്യങ്ങൾ പറയൽ, ഒരേ പോലെയുള്ളവ കണ്ടെത്തൽ, കൂട്ടത്തിൽ പെടാത്തവ കണ്ടെത്തി അതിന്റെ കാരണം പറയൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്.

നാല് വയസ്സുകാർക്ക് ഇവയുടെ ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം 1 മുതൽ 5 വരെയുള്ള സംഖ്യാബോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നനിലവാരമുള്ള കുട്ടികൾക്ക് വേണ്ടി വർക്ക്ഷീറ്റുകളിൽ അനുരൂപീകരണം നടത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

## 4. സർഗാത്മക – സൗന്ദര്യാത്മക വികാസം

ചിത്രംവര, നിറം നൽകൽ, നിർമാണം എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ മേഖലയുമായി ബന്ധപ്പെട്ട് കളിത്തോണിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാഷാപരമായ സർഗാത്മകതയും പരിഗണിച്ചിട്ടുണ്ട്.

ചിത്രംവര (സ്വതന്ത്രവും നിയന്ത്രിതവും), നിറം നൽകൽ എന്നിവയെക്കുറിച്ച് മുമ്പ് പരാമർശിച്ചിട്ടുണ്ടല്ലോ. വിവിധതരത്തിലുള്ള നിർമാണങ്ങളുടെ സാധ്യതകൾ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. മണൽച്ചിത്രങ്ങൾ, വിരൽച്ചിത്രങ്ങൾ, ഇലമൃഗശാല നിർമാണം, പൂക്കൾ നിർമിക്കൽ, ബാഡ്ജ് നിർമാണം, പതാകനിർമാണം, തോരണങ്ങൾ തയാറാക്കൽ തുടങ്ങി കൈവിരൽ പതിപ്പിച്ചുള്ള ചിത്രനിർമാണം, ഇല പ്രിന്റിങ്, പഞ്ഞി, പെൻസിൽ സ്ക്രാപ്പ് തുടങ്ങിയവ ഒട്ടിച്ച് ചിത്രങ്ങൾ പൂർത്തിയാക്കൽ എന്നിങ്ങനെ വൈവിധ്യമാർന്ന നിർമാണസാധ്യതകൾ 'കളിത്തോണി' യിലുണ്ട്.

3+ പ്രായത്തിലുള്ളവർക്ക് താരതമ്യേന ലളിതമായ നിർമാണങ്ങളാണ് നൽകിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ നൽകുമ്പോൾ സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസത്തിനോടൊപ്പം സൂക്ഷ്മ-സ്ഥൂല പേശികളുടെ വഴക്കവും സാധ്യമാവുമല്ലോ. കൂടാതെ സാമൂഹിക വൈകാരിക വികാസത്തിനും ഇവ പ്രയോജനപ്പെടുന്നു. സഹകരണ മനോഭാവവും നേതൃത്വപരമായ പങ്കുവഹിക്കലുമെല്ലാം നേടാൻ കഴിയും വിധം സംഘപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

4+ പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് കുറേകൂടി ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനഷീറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കത്രിക ഉപയോഗിച്ചു മുറിച്ചെടുക്കാനും ഒട്ടിക്കാനും കടലാസുപയോഗിച്ച് പൂക്കൾ, ഒറിഗാമി രൂപങ്ങൾ എന്നിവ നിർമിക്കാനും അവസരം നൽകിയിട്ടുണ്ട്. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ, പാഴ് വസ്തുക്കൾ എന്നിവ ഉപയോ

ഗിച്ചുള്ള നിർമാണപ്രവർത്തനങ്ങൾ എന്നിവയും ചെയ്യിക്കണം. എങ്കിലേ കുട്ടിയുടെ സമഗ്രമായ വികാസം സാധ്യമാവുകയുള്ളൂ.

### 5. സാമൂഹിക വൈകാരിക വികാസം

'കളിത്തോണി'യിലെ പ്രവർത്തനങ്ങൾ മിക്കതും വ്യക്തിഗതമായി പൂർത്തീകരിക്കേണ്ടവയാണ്. സാധ്യമായ സന്ദർഭങ്ങളിൽ പരസ്പര സഹായത്തിനുള്ള അവസരങ്ങൾ ഒരുക്കാൻ കഴിയും. നിറം നൽകാനുള്ള ക്രയോണുകൾ കൈമാറാനും നിർമാണപ്രവർത്തനങ്ങളിൽ സംഘം ചേർന്നു പ്രവർത്തിക്കാനും ഒക്കെ അവസരങ്ങളുണ്ടാകുമല്ലോ. ചില പ്രവർത്തനങ്ങളിൽ നിശ്ചിത നിറമുള്ള ക്രയോൺ തന്നെ ആവശ്യമായി വരും. ഉദാ: ഇലകൾക്ക് പച്ചനിറം നൽകൽ. ഒരാൾ നിറം കൊടുത്തു തീരുന്നതുവരെ ഊഴം കാത്തു നിൽക്കാൻ കുട്ടിയെ പ്രേരിപ്പിക്കുവാൻ അധ്യാപികയ്ക്കു കഴിയും. കത്രിക കൊണ്ടു മുറിക്കുന്ന സന്ദർഭങ്ങളിലും ഇങ്ങനെ കാത്തു നിൽക്കേണ്ടി വരാം.

കഥകളിലെ വൈകാരിക മുഹൂർത്തങ്ങളുമായി സ്വന്തം വൈകാരിക അവസ്ഥകളെ പൊരുത്തപ്പെടുത്തുന്നതിലൂടെ സാമൂഹിക വൈകാരിക വികാസം സാധ്യമാക്കാനാവും. വർക്ക്ഷീറ്റ് അവതരണ സന്ദർഭങ്ങളിലെ ആഖ്യാനങ്ങൾ, ക്ലാസിൽ അവതരിപ്പിക്കുന്ന കഥകൾ, കവിതകൾ, കഥാഗാനങ്ങൾ, പാവനാടകങ്ങൾ, റോൾപ്ലേ എന്നിവ സാമൂഹിക വൈകാരിക വികാസത്തിന് കൂടി പ്രയോജനപ്പെടുത്തുന്നിടത്താണ് അധ്യാപിക വിജയിക്കുന്നത്.

## വിലയിരുത്തൽ

ഓരോ വികാസമേഖലയിലും ഓരോ കുട്ടിയും എവിടെ നിൽക്കുന്നു എന്ന് അധ്യാപികയ്ക്ക് തിരിച്ചറിയാനാവണം. കുട്ടിയുടെ വ്യക്തിപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആവശ്യമായ കൈത്താങ്ങ് നൽകാൻ ഇത് അധ്യാപികയെ സഹായിക്കും. കൂടാതെ തന്റെ ആസൂത്രണത്തിലെ പരിമിതികൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്താനും വിലയിരുത്തൽ പ്രവർത്തനങ്ങളിലൂടെ സാധിക്കും. രക്ഷിതാക്കളുടെ ഭാഗത്ത് നിന്ന് കുട്ടിക്ക് ലഭിക്കേണ്ട സഹായങ്ങൾ എന്തൊക്കെയെന്ന് കൃത്യമായി നിർദേശിക്കാനും അധ്യാപികയെ സഹായിക്കുന്നത് നിരന്തര വിലയിരുത്തലിലൂടെ ലഭിക്കുന്ന സൂചനകൾ തന്നെയാണ്.

ഓരോ വർക്ക്ഷീറ്റിലൂടെയും എന്തൊക്കെയാണ് വിലയിരുത്തേണ്ടത് എന്ന് കൈപ്പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനം നടക്കുമ്പോൾ അധ്യാപിക നടത്തുന്ന നിരീക്ഷണവും വർക്ക്ഷീറ്റ് എന്ന ഉൽപ്പന്നത്തെ വിലയിരുത്തലും വഴിയാണ് നിരന്തരവിലയിരുത്തൽ നടത്തേണ്ടത്. രക്ഷിതാക്കളുമായുള്ള ആശയവിനിമയത്തിലൂടെയും ചില വിലപ്പെട്ട നീരിക്ഷണങ്ങൾ നമുക്ക് ലഭിക്കും.

ഓരോ വർക്ക്ഷീറ്റും ചെയ്തു കഴിഞ്ഞാൽ പ്രദർശനത്തിന് ശേഷം ഓരോ കുട്ടിയുടെയും പോർട്ട് ഫോളിയോ ബാഗിലേക്ക് മാറ്റണം. അവ വിശകലനം ചെയ്യുമ്പോൾ വികാസമേഖലകളിൽ കുട്ടിക്കുണ്ടായ ക്രമാനുഗതമായ വളർച്ച ടീച്ചർക്കും രക്ഷിതാവിനും ബോധ്യപ്പെടാനാവും. വർഷാവസാനം ഇവ ക്രോഡീകരിച്ച് കുട്ടിയെ സംബന്ധിച്ച കൃത്യമായ വിലയിരുത്തൽ തയാറാക്കാനാവില്ലേ?

കുട്ടിക്കും രക്ഷിതാവിനും ആവശ്യമായ ഫീഡ്ബാക്കുകൾ നൽകി മെച്ചപ്പെടുത്താൻ ഇതുവഴി അധ്യാപികയ്ക്ക് സാധിക്കും.

# തീം 21 ക്രിസ്മസ്

ഉത്സവങ്ങളിലും ആഘോഷങ്ങളിലും പങ്കെടുക്കാൻ മുതിർന്നവരെപ്പോലെ കുട്ടികൾക്കും വളരെയധികം ഇഷ്ടമാണ്. ക്രിസ്മസ് എന്ന തീം കുട്ടികൾക്കായി പരിചയപ്പെടുത്തുമ്പോൾ ആഘോഷത്തിന്റെ പ്രാധാന്യം, വൈവിധ്യമാർന്ന ക്രിസ്മസ് വിഭവങ്ങൾ, ക്രിസ്മസ് കരോൾ, ക്രിസ്മസ് അപ്പൂപ്പൻ, ക്രിസ്മസ് ട്രീ, പുൽക്കൂട്, ക്രിസ്മസ് കേക്ക് എന്നിങ്ങനെയുള്ള ഒട്ടേറെ നൂതന അനുഭവങ്ങൾ അവർക്ക് ലഭ്യമാകും.

വൈജ്ഞാനികവികാസം, സാമൂഹിക-വൈകാരിക-സർഗാത്മക വികാസം എന്നിവ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്കായി ഈ തീമിലൂടെ ഒരുക്കാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങളിലൂടെ കുഞ്ഞുങ്ങൾക്ക് സഹകരണബോധം, പങ്കാളിത്തം, സംഘപ്രവർത്തനത്തിൽ ഏർപ്പെടേണ്ടതിന്റെ ആവശ്യകത എന്നിവ ബോധ്യപ്പെടുന്നു.

ചമഞ്ഞുകളിയിലൂടെയും പാവനാടകങ്ങളിലൂടെയും മണൽത്തടത്തിൽ പുൽക്കൂട് ക്രമീകരിച്ചും കുഞ്ഞുങ്ങളോടൊപ്പം ക്രിസ്മസിനെ വരവേൽക്കാം.

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം

↓

2. ക്ലാസ്മുറി അലങ്കരിക്കൽ

↓

3. വർക്ക്ഷീറ്റ് 21.1 – **ക്രിസ്മസ് ട്രീ ഒരുക്കാം**

↓

4. ക്രിസ്തുമസ്പാട്ട്-ക്രിസ്മസ് മരം (കളിപ്പാട്ടം പേജ് നമ്പർ 223)

↓

5. വർക്ക്ഷീറ്റ് 21.2 – **എന്നെ സുന്ദരിയാക്കാമോ?**

↓

6. ക്രിസ്മസ് കഥ – ഉണ്ണിയേശു (അങ്കണത്തൈമാവ് പേജ് നമ്പർ 234 )

↓

7. വർക്ക്ഷീറ്റ് 21.3 **എനിക്കും വേണം തൊപ്പി**

↓

8. ആശംസാകാർഡ് നിർമാണം

↓

9. ക്രിസ്മസ്പാട്ട് – ക്രിസ്മസ് പപ്പ (കളിപ്പാട്ടം പേജ് നമ്പർ 23)

↓

10. വർക്ക്ഷീറ്റ് 21.4 **എന്റെ ക്രിസ്മസ് അപ്പൂപ്പൻ**

↓

11. ക്രിസ്മസ് ആഘോഷം – (കേക്ക് മുറിക്കൽ-വിവിധ പരിപാടികൾ)

## വർക്ക്ഷീറ്റ് 21.1 – ക്രിസ്മസ് ട്രീ ഒരുക്കാം

**വികാസമേഖലകൾ:**
- വൈജ്ഞാനിക വികാസം
- ശാരീരിക ചാലകവികാസം

**ശേഷികൾ** :
1. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു (13).
2. ഒരു പാറ്റേൺ നിരീക്ഷിച്ച് അടുത്തത് പ്രവചിക്കാൻ കഴിയുന്നു (47).

**ആശയം** : ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

**സാമഗ്രികൾ** : • വർക്ക്ഷീറ്റ്, ക്രയോണുകൾ.

**സന്ദർഭം** : • 'ക്ലാസ്മുറി അലങ്കരിക്കൽ' പ്രവർത്തനത്തിനു ശേഷം.

**പ്രക്രിയ**

• ആഖ്യാനം

"ഹായ്! എന്തൊരു ഭംഗിയാ ആനിയുടെ ക്രിസ്മസ്ട്രീ, സാലിക്കുട്ടി പറഞ്ഞു.

എല്ലാവരും ക്രിസ്മസ് ട്രീ ഒരുക്കുകയാണ് !

"ഇനി ഞാൻ മാത്രമേ ക്രിസ്മസ് ട്രീ ഒരുക്കാനുള്ളു."

സാലിക്കുട്ടി തന്റെ പട്ടിക്കുട്ടിയോട് പറഞ്ഞു.

"ബൗ... ബൗ .... സാലിക്കുട്ടീ.... സാലിക്കുട്ടീ,

ട്രീ ഒരുക്കാനുള്ള സാധനങ്ങൾ എല്ലാം വാങ്ങിയോ?"

"ഞാൻ എല്ലാം വാങ്ങി ഒരുക്കി വച്ചിട്ടുണ്ട്".

"മ്യാവൂ...മ്യാവൂ..."

പൂച്ചക്കുട്ടി ഓടിവന്നു.

"സാലിക്കുട്ടീ ... സാലിക്കുട്ടീ.. മ്യാവൂ... മ്യാവൂ

എങ്കിൽ വേഗം വാ, നമുക്ക് ക്രിസ്മസ് ട്രീ

ഒരുക്കാം", പൂച്ചക്കുട്ടി പറഞ്ഞു.

"ശരി നമുക്ക് ക്രിസ്മസ് ട്രീ ഒരുക്കാം.

ക്രിസ്മസ്ട്രീയുടെ അടുത്തേക്ക് സാലിക്കുട്ടി ഓടി....

പൂച്ചക്കുട്ടിയും പട്ടിക്കുട്ടിയും സാലിയുടെ പിന്നാലെ ഓടി....

ക്രിസ്മസ്ട്രീയുടെ അടുത്തെത്തി നോക്കിയപ്പോഴോ!

വാങ്ങിവച്ചിരുന്ന സാധനങ്ങളിൽ ബലൂണും സ്റ്റാറും

കാണാനില്ല...

സാലിക്കുട്ടിക്ക് വിഷമമായി

അടുത്ത മരത്തിലിരുന്ന മഞ്ഞക്കിളി പറഞ്ഞു.

"സാരമില്ല സാലിക്കുട്ടീ അതൊക്കെ ഞങ്ങൾ കൊണ്ടു വരാം."

മഞ്ഞക്കിളി ആകാശത്തു നിന്ന് നക്ഷത്രങ്ങളും

നീലക്കിളി ഉത്സവചന്തയിൽ പോയി പല നിറത്തിലുള്ള ബലൂണുകളുമായി വന്നു.

സാലിക്കുട്ടിയും പൂച്ചക്കുട്ടിയും പട്ടിക്കുട്ടിയും കിളികളും ചേർന്ന് ക്രിസ്മസ് ട്രീ ഒരുക്കാൻ തുടങ്ങി

"സാലിക്കുട്ടിയെ നമുക്കും സഹായിച്ചാലോ?"

വർക്ക്ഷീറ്റ് 21.1 'ക്രിസ്മസ് ട്രീ ഒരുക്കാം നൽകുന്നു. ചുവട്ടിലെ ക്രമം നോക്കി മുകളിലുള്ള തട്ടുകളിൽ നക്ഷത്രങ്ങളും ബലൂണുകളും ശരിയായ രീതിയിൽ വരച്ച് ക്രിസ്മസ്ട്രീ മനോഹരമാക്കുന്നു.

• **വിലയിരുത്തൽ**

• ക്രിസ്മസ് ട്രീയിലെ പാറ്റേൺ അനുസരിച്ച് നക്ഷത്രങ്ങളും ബലൂണും വരച്ച് പാറ്റേൺ പൂർത്തിയാക്കാൻ കഴിയുന്നു.

• ഉചിതമായ നിറം നൽകാൻ കഴിയുന്നു.

• പ്രാഗ് ലേഖന പ്രവർത്തനങ്ങളുടെ ഭാഗമായി നക്ഷത്രവും ബലൂണും വരയ്ക്കാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 21.2 - എന്നെ സുന്ദരിയാക്കാമോ?

**വികാസമേഖല** : • വൈജ്ഞാനികവികാസം

**ശേഷി** : 1. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണാനും സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു (44).

**ആശയം** : • ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

**സാമഗ്രികൾ** : • വർക്ക്ഷീറ്റ്, ക്രയോൺസ്.

**സന്ദർഭം** : • 'ക്രിസ്തുമസ് മരം' എന്ന പാട്ടിനു ശേഷം.

**പ്രക്രിയ**

• ആഖ്യാനം : സാലിയുടെ കളിക്കൂട്ടുകാരിയായ ആനിക്ക് ക്രിസ്മസ് ട്രീ ഒരുക്കി കഴിഞ്ഞപ്പോൾ ഒരു സംശയം

"ക്രിസ്മസ് മരമല്ലേ, അപ്പൊ, പഴങ്ങൾ വേണ്ടേ?"

ആനി ക്രിസ്മസ് മരത്തിൽ ആപ്പിൾ കൊണ്ടു പിടിപ്പിച്ചു.

താഴത്തെ തട്ടിൽ അഞ്ചെണ്ണം. അതിനുമുകളിൽ നാല് എന്നിങ്ങനെ.

"അസ്സലായിട്ടുണ്ടല്ലോ?"

ആനി ഒരുക്കിയ ക്രിസ്മസ് ട്രീ കണ്ട് എല്ലാവരും അവളെ അഭിനന്ദിച്ചു. സാലിക്കുട്ടിക്കും ക്രിസ്മസ് ട്രീ ഒത്തിരി ഇഷ്ടമായി. അവൾ കണ്ണെടുക്കാതെ നോക്കിനിന്നു. ആനിക്ക് ഒരു കുറുമ്പി കൂട്ടുകാരി കൂടി ഉണ്ടായിരുന്നു. 'മിട്ടു!'

മിട്ടു ആരെന്നറിയാമോ?

(സ്വതന്ത്ര പ്രതികരണം)

കറുപ്പും വെളുപ്പും രോമങ്ങളോടു കൂടിയ ഒരു സുന്ദരി ആട്ടിൻകുട്ടിയാണ് മിട്ടു!

മിട്ടു ആ ക്രിസ്മസ് ട്രീ കണ്ടു.

'ഹായ് !' അവൾ മരത്തിനടുത്തേക്ക് ചെന്നു.

പതിയെ ആപ്പിൾ ഒരെണ്ണം കടിച്ചെടുത്തു.

ചക്-ചക്-ചക്. ആപ്പിൾ ചവച്ചു തിന്നു.

ഹായ് ! നല്ല രുചി.

ആനി വന്നു നോക്കിയപ്പോൾ ഒരാപ്പിൾ കാണാനില്ല.

എവിടെപ്പോയി! അമ്മേ.... അമ്മേ...

ആനി അമ്മയുടെ അടുത്തേക്ക് ഓടി.

ഈ തക്കത്തിന് ആട്ടിൻകുട്ടി വീണ്ടും വന്നു.

ചക്-ചക്-ചക് ......... ചക്-ചക്...

ആനിയും അമ്മയും വരുന്നതു കണ്ട് മിട്ടു മരത്തിന്റെ പുറകിലൊളിച്ചു.

ആനി നോക്കിയപ്പോൾ കുറെ ആപ്പിൾ കാണാനില്ല.

"ഇത്ര പെട്ടെന്ന് എവിടെ പോയി ഈ ആപ്പിളെല്ലാം?" അവൾ ആലോചിച്ചു.

നോക്കിയപ്പോൾ ക്രിസ്മസ് മരത്തിന് അഞ്ച് തടി! ഒരു മരത്തിന് ഒരു തായ്ത്തടിയല്ലേ ഉണ്ടാകൂ. ഇതിന് അഞ്ചോ?

അമ്പോ ! അവൾ സൂക്ഷിച്ച് നോക്കി.

വെള്ളനിറം, രോമങ്ങൾ, കുളമ്പ് ! നാലു കാലുകൾ!

ആഹാ ! പിടികിട്ടി... പിടികിട്ടി.

മിട്ടു.............

ആനി ഒരു വടി എടുത്ത് മിട്ടുവിന്റെ കാലിൽ തട്ടി.

ബ്ബേ....... ബ്ബേ...

മിട്ടു കരഞ്ഞുകൊണ്ട് ഓടി.

മിട്ടു തിന്ന ആപ്പിളിനു പകരമായി വേറെ ആപ്പിളുകൾ മരത്തിൽ തൂക്കിയിടാൻ ആനിയെ നമുക്കും സഹായിച്ചാലോ?

- **വർക്ക്ഷീറ്റ് 21.2** – "എന്നെ സുന്ദരിയാക്കാമോ?" നൽകുന്നു.

ആപ്പിൾ വരച്ചുചേർത്ത് നിറങ്ങൾ നൽകണം. കൂടുതൽ, കുറവ് താരതമ്യം ചെയ്യണം. എത്രവീതം വരച്ചുചേർത്തു? ചിത്രം പ്രദർശിപ്പിച്ച് ചർച്ച.

## വിലയിരുത്തൽ

- കൂടുതൽ, കുറവ് താരതമ്യം ചെയ്യാൻ കഴിയുന്നു
- കൃത്യമായി എണ്ണത്തിനനുസരിച്ച് ആപ്പിളുകൾ വരച്ചുചേർക്കാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് 21.3 – എനിക്കും വേണം തൊപ്പി

**വികാസമേഖല** : • ശാരീരിക ചാലകവികാസം

**ശേഷി** : പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).

**സാമഗ്രികൾ** : • വർക്ക്ഷീറ്റ്, ക്രയോൺസ്, പഞ്ഞി, പശ

**സന്ദർഭം** : • ഉണ്ണിയേശുവിന്റെ കഥയ്ക്കു ശേഷം

**പ്രക്രിയ**

- ആഖ്യാനം : ക്രിസ്മസ് ട്രീ ഒരുക്കിയ ശേഷം സാലി പൂച്ചക്കുട്ടിയോടും പട്ടിക്കുട്ടിയോടും കൂടി കളിക്കുമ്പോൾ ആണ് ക്രിസ്മസ് തൊപ്പി വാങ്ങിയില്ലല്ലോ എന്ന കാര്യം ഓർക്കുന്നത്.

സാലി ആലോചിച്ചു "എന്താ വഴി?"

അമ്മയോട് ചോദിച്ചാൽ പൈസ തരുമോ? അല്ലെങ്കിൽ വേണ്ട.

സാലി ആലോചിച്ച് ആലോചിച്ച് മാനത്ത് നോക്കിയിരുന്നു. "ഹായ് ! സൂര്യൻ ! സൂര്യനോട് ചോദിച്ചാലോ?"

"സൂര്യമാമാ എനിക്കൊരു ക്രിസ്മസ് തൊപ്പി തരുമോ? എല്ലാവർക്കും തൊപ്പിയുണ്ട്. എനിക്ക് മാത്രം ഇല്ല."

"അതിനെന്താ സാലിക്കുട്ടീ, മാമൻ തൊപ്പി ഇപ്പോൾ തരാം".

സൂര്യൻ മേഘം കൊണ്ട് തൊപ്പി ഉണ്ടാക്കി മഴവില്ലിനാൽ നിറവും നൽകി. അതിന്റെ

തുമ്പത്ത് ഒരു നക്ഷത്രവും പിടിപ്പിച്ച് മനോഹരമായ തൊപ്പി ഉണ്ടാക്കി സാലിക്ക് നൽകി. സൂര്യമാമൻ ഉണ്ടാക്കിയ തൊപ്പി കാണണ്ടേ? അതുപോലൊരു തൊപ്പി ഉണ്ടാക്കി നിറം നൽകിയാലോ?

നമുക്കും ഒരു ക്രിസ്മസ് തൊപ്പിയുണ്ടാക്കി നിറം നൽകിയാലോ.

- **വർക്ക്ഷീറ്റ് 21.3** 'എനിക്കും വേണം തൊപ്പി' നൽകുന്നു.

ടീച്ചർക്ക് : ക്രയോൺസ്, പഞ്ഞി, പശ എന്നിവ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കരുതണം.

കുത്തുകൾ യോജിപ്പിച്ച ശേഷം മഴവില്ലിന്റെ ഏഴ് നിറം നൽകിയും മേഘത്തിന്റെ ഭാഗം പഞ്ഞി ഒട്ടിച്ചും തൊപ്പി മനോഹരമാക്കാം.

**വിലയിരുത്തൽ** : കുത്തുകൾ യോജിപ്പിച്ച് മനോഹരമായ തൊപ്പി വരയ്ക്കാനും നിറം നൽകാനും കഴിയുന്നു.

## വർക്ക്ഷീറ്റ് 21.4 - എന്റെ ക്രിസ്മസ് അപ്പൂപ്പൻ

**വികാസമേഖല** : ശാരീരിക ചാലകവികാസം

**ശേഷി** : 1. പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : ക്രിസ്മസ് പാട്ടിനു ശേഷം നൽകുന്നു.

**പ്രക്രിയ**

- ആഖ്യാനം : സാലി ക്രിസ്മസ് അപ്പൂപ്പന് കൊടുക്കാനായി തൊപ്പിയും പിടിച്ച് ഉമ്മറത്ത് കാത്തിരുന്നു.

"കാത്തു കാത്തിരുന്നിട്ടും അപ്പൂപ്പനെ കാണുന്നില്ലല്ലോ ? അപ്പൂപ്പൻ ഇനി മേഘത്തിൽ കയറി വരുന്നുണ്ടോ ആവോ!" സാലി ആകാശത്തു നോക്കി!

"ഇല്ല! ഇന്നിനി അപ്പൂപ്പൻ വരില്ലായിരിക്കും. സാലി കതകടച്ചു.

തൊപ്പിയും കെട്ടിപിടിച്ച് കിടന്നു.

ണിം...... ണീം.... ണീം....

സൈക്കിളിൽ ആരോ വന്നല്ലോ? ആരായിരിക്കും?

അവൾ ഓടിപ്പോയി വാതിൽ തുറന്നു.

അതാ ഒരാൾ!

"ആരാ?" സാലിക്കുട്ടി ചോദിച്ചു.

"സാലീക്കുട്ടി. ഇത് ഞാനാ നിന്റെ ക്രിസ്മസ് അപ്പൂപ്പൻ."

"അയ്യോ ! അപ്പൂപ്പന്റെ മീശേം താടീം ഒക്കെ എന്ത്യേ?"

"അത് കാറ്റിൽ പറന്നുപോയി"

"ചോന്ന കുപ്പായമോ?"

"അത് മഴയത്ത് നനഞ്ഞു പോയി സാലീക്കുട്ടീ."

ചിരിച്ചുകൊണ്ട് അപ്പൂപ്പൻ പറഞ്ഞു.

സാലിക്കുട്ടിക്ക് സങ്കടം ആയി.

"അതൊക്കെ ഞാൻ ഇപ്പോൾ ശരിയാക്കിത്തരാം."

അവൾ ഓടിപ്പോയി.

പഞ്ഞിക്കെട്ടെടുത്ത് പശതേച്ച് മീശ ഒട്ടിച്ചു. ക്രയോൺസ് കൊണ്ട് കുപ്പായത്തിന് ചുവന്ന നിറവും നൽകി. ഇതൊക്കെ കണ്ട് അപ്പൂപ്പൻ ചിരിച്ചു. സാലിക്കുട്ടി അപ്പൂപ്പന് നൽകാനായി വച്ചിരുന്ന തൊപ്പികൂടി തലയിൽ വച്ചുകൊടുത്തു. അവൾക്ക് അപ്പൂപ്പൻ ഒരുസമ്മാനം നൽകി. അതൊരു തിളങ്ങുന്ന നക്ഷത്രമായിരുന്നു. അവൾ ആ നക്ഷത്രത്തെ കൈയ്യിൽ എടുത്തു. തിരിച്ചും മറിച്ചും നോക്കി.

"ഞാൻ പൊയ്ക്കോട്ടെ?"

നക്ഷത്രം ചോദിച്ചു.

"എങ്ങനെ പോകും?"

"പറന്നു പോകും?"

"ശരി കാണട്ടെ"

നക്ഷത്രം ഒരു മിന്നാമിന്നിയായി പറന്നുയർന്നു. നക്ഷത്രത്തെ പിടിക്കാനായി സാലിക്കുട്ടി ചാടി. പ്തും! സാലിക്കുട്ടി കട്ടിലിൽ നിന്നും താഴെ വീണു.

"അയ്യോ! എവിടെ അപ്പൂപ്പൻ. എന്റെ നക്ഷത്രം!"

ഓ... സ്വപ്നം ആയിരുന്നല്ലേ!

എന്തായാലും അപ്പൂപ്പനെ കാണാൻ പറ്റിയല്ലോ?

അപ്പൂപ്പനെ ഒന്നു വരച്ചു നോക്കാം.

സാലി കണ്ട അപ്പൂപ്പനെ ഒന്നു വരച്ചാലോ?

• **വർക്ക്ഷീറ്റ് 21.4** 'എന്റെ ക്രിസ്മസ് അപ്പൂപ്പൻ', നൽകുന്നു.

## വിലയിരുത്തൽ

- കുത്തുകൾ യോജിപ്പിച്ച് ക്രിസ്മസ് അപ്പൂപ്പനെ വരയ്ക്കാനും നിറം നൽകാനും കഴിയുന്നു.
- തൊപ്പിയിലും താടിയിലും പഞ്ഞി ഒട്ടിച്ച് ചിത്രം മനോഹരമാക്കാൻ കഴിയുന്നു.

# തീം 22 വാഹനങ്ങൾ

**ആമുഖം**

വാഹനങ്ങളെ നേരിട്ടു കാണാനുള്ള അവസരം ലഭിക്കാത്ത കുട്ടികൾ വിരളമാണ്. പൊ! പൊ! പീ.... പീ.... എന്ന് ഹോണടിച്ചു പോകുന്ന വാഹനങ്ങൾ കുട്ടികൾക്ക് എന്നും ഒരു കൗതുകക്കാഴ്ച തന്നെയാണ്. കുട്ടികൾ ഇതുവരെ കണ്ടിട്ടില്ലാത്ത വാഹനങ്ങളെ ചിത്രങ്ങളിലൂടെയും വീഡിയോകളിലൂടെയും പരിചയപ്പെടുത്താം. കുട്ടികൾക്ക് വിവിധ തരത്തിലുള്ള വാഹനങ്ങളെ പരിചയപ്പെടുവാനും അവയുടെ ഉപയോഗം മനസ്സിലാക്കാനും ഈ തീമിലൂടെ കഴിയേണ്ടതുണ്ട്. വിവിധ വികാസമേഖലകൾക്ക് പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിലായിരിക്കണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഇതിലെ പ്രാഗ്ലേഖന പ്രവർത്തനത്തിലൂടെ വാഹനത്തെക്കുറിച്ച് കൂടുതൽ നേരറിവുകൾ ലഭിക്കുന്നു. ഈ തീമിലൂടെ കുട്ടി വാഹനങ്ങളുമായി കൂടുതൽ ചങ്ങാത്തത്തിലാകട്ടെ അല്ലേ!

**പ്രവർത്തനക്രമം**

1. വാഹനപ്പാട്ട്-ദൂരെ ദൂരെ പോകേണം (കളിപ്പാട്ടം-പേജ് നമ്പർ-217)
↓
2. വർക്ക്ഷീറ്റ് 22.1 - **ബസിനെ ചിരിപ്പിക്കാമോ?**
↓
3. കട്ടൗട്ട് വാഹനം വര, നിറം കൊടുക്കൽ
↓
4. വാഹനത്തിന്റെ പകുതി ചിത്രം പൂർത്തീകരിക്കൽ
↓
5. വാഹനത്തിന്റെ ചക്രം വര
↓
6. റോഡ് വരച്ച് നിറം കൊടുക്കൽ
↓
7. വർക്ക്ഷീറ്റ് 22.2 **എനിക്ക് നിറം നൽകാമോ?**
↓
8. നിർമാണ പ്രവർത്തനം
↓
9. വർക്ക്ഷീറ്റ് 22.3 **ഞങ്ങളെ കണ്ടെത്തൂ**
↓
10. കൊളാഷ് നിർമാണം
↓
11. വർക്ക്ഷീറ്റ് 22.4 **തോണികൾ വരയ്ക്കാമോ?**
↓
12. വഞ്ചിപ്പാട്ട്
↓
13. അഭിനയഗാനം (റോൾപ്ലേ)
↓
14. സാമ്യ വ്യത്യാസം പറയൽ
↓
15. പാവനാടകം

## വർക്ക്ഷീറ്റ് -22.1 ബസിനെ ചിരിപ്പിക്കാമോ?

**വികാസമേഖല** : ശാരീരിക ചാലകവികാസം

**ശേഷി** : 1. പ്രാഗ്‌ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. (13)

**ആശയം** : വാഹനങ്ങളിൽ കയറാനും ഇറങ്ങാനും പ്രത്യേക ഇടങ്ങളുണ്ട്. (ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ)

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : വാഹനപ്പാട്ടിന് ശേഷം

**പ്രക്രിയ**

- ആഖ്യാനം

സമയം 9 മണി ആയല്ലോ !

നമ്മുടെ 'സുന്ദരി' ബസ് ഇതുവരെ വന്നില്ലല്ലോ?

ബസ് സ്റ്റോപ്പിൽ കാത്തിരുന്ന എല്ലാവരും ഒന്നടങ്കം പറഞ്ഞു........

ങീ.... ങീ.... ങീ....

ഇന്നെന്താ സുന്ദരി ബസ് കരഞ്ഞു വരുന്നത്?

എല്ലാവരും അതിശയിച്ചു.

"പോ...... പോ.... എന്നു പറയുന്നതിനു പകരം ങീ.... ങീ.... ങീ.... എന്ന് കരഞ്ഞാണല്ലോ? ഇന്ന് വരുന്നത്.

എന്താ സുന്ദരീ നീ കരയുന്നേ?"

എല്ലാവരും ചോദിച്ചു.

അതേ... ങീ.... ങീ....

വരുന്ന വഴിക്ക് ങീ... ങീ...

ഒരാൾ റോഡിന്റെ നടുവിൽ കിടപ്പുണ്ടായിരുന്നു.

'ആര്?'... ആളുകൾ ചോദിച്ചു.

ആണി...ആണി...

ങീ... ങീ....

"എന്നിട്ട്?" ആളുകൾ വീണ്ടും ചോദിച്ചു.

ഞാൻ കണ്ടില്ലായിരുന്നു. ങീ... ങീ...

അതിന്റെ മുകളിൽ കയറി ങീ... ങീ....

സുന്ദരി ബസ് പറഞ്ഞു.

"ശ്ശോ! എന്നിട്ട് എന്ത് പറ്റി."

ആളുകൾ വീണ്ടും അതിശയത്തോടെ ചോദിച്ചു.

എന്റെ ടയറു പഞ്ചറായി.... ങീ... ങീ...

സുന്ദരി ബസ് കരഞ്ഞു കൊണ്ട് പറഞ്ഞു.

എല്ലാവരും ചിരിച്ചു.

ആളുകൾ ജാക്കി വച്ചു.

ടയറൂരി പഞ്ചറൊട്ടിച്ചു.

സുന്ദരി ബസിനു സന്തോഷമായി.

ബസ് ചിരിച്ചു.

എങ്ങനെയായിരിക്കും സുന്ദരിബസ് ചിരിച്ചിട്ടുണ്ടാവുക? നമുക്ക് സുന്ദരി ബസിനെ ചിരിപ്പിച്ചാലോ?

- **വർക്ക്ഷീറ്റ് 22.1**

'ബസിനെ ചിരിപ്പിക്കാമോ?' എന്ന വർക്ക്ഷീറ്റ് നൽകുന്നു.

## വിലയിരുത്തൽ

- കുത്തുകളിലൂടെ വരച്ച് ബസിനെ ചിരിപ്പിക്കുന്നു.
- കുത്തുകൾ ഇട്ട ഭാഗത്തുകൂടി വരയ്ക്കുന്നു
- നിറം ഇല്ലാത്ത ഭാഗങ്ങളിൽ നിറം നൽകുന്നു
- ബസിന്റെ ചിത്രം പൂർത്തിയാക്കുന്നു.
- അനുയോജ്യമായ നിറം നൽകാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -22.2 എനിക്ക് നിറം നൽകാമോ?

**വികാസമേഖലകൾ** : • ശാരീരിക ചാലകവികാസം
• ഭാഷാവികാസം

**ശേഷികൾ** : 1. ക്രയോൺസ് ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (5).
2. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).

**ആശയം** : കര, വെള്ളം, ആകാശം എന്നിവയിലൂടെ പോകുന്ന വാഹനങ്ങളുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : വാഹനത്തിന്റെ ചക്രം വര എന്ന പ്രവർത്തനത്തിനു ശേഷം.

**പ്രക്രിയ**

• ആഖ്യാനം : പൊ...പൊ...പോ...പോ...പി...പി...പീ...പീ...
സുന്ദരി ബസ് ചിരിച്ച് ഉല്ലസിച്ചു പോകുന്നത് തീവണ്ടിപ്പാളത്തിൽ മടിപിടിച്ചു കിടന്ന കിട്ടുത്തീവണ്ടി കണ്ടു...!

"എനിക്ക് മടുത്തു..."
"ഇങ്ങനെ പാളത്തിൽക്കൂടി കട! കട! ഓടി.... ഓടി.... കു.... കു... കൂ...കൂ വിളിച്ച് മടത്തു."
"ഒരു രസവുമില്ല."
"ഒരു സന്തോഷവുമില്ല."
സങ്കടത്തോടെ കിട്ടുത്തീവണ്ടി പറഞ്ഞു.
ഇതൊക്കെ കേട്ട ചിന്നുക്കിളി പറഞ്ഞു.
നീ വിഷമിക്കണ്ട, നീ എന്റെ കൂടെ വാ...
ആകാശത്തു വാ.... നമുക്ക് അവിടെക്കൂടി ചീറിപ്പായാം.
അതിന് ആകാശത്ത് പാളമില്ലല്ലോ?
കിട്ടു വീണ്ടും സങ്കടത്തോടെ പറഞ്ഞു.
നമുക്ക് മഴവില്ലിനെ വിളിക്കാം ചിന്നുക്കിളി പറഞ്ഞു.
"മഴവില്ലേ! മഴവില്ലേ! താഴേക്ക് ഒന്നു വരാമോ?"
കിട്ടുത്തീവണ്ടി വിളിച്ചു.
വിളി കേട്ടതും മഴവില്ല്
താഴേക്കു താണ് താണ് വന്നു നിലം തൊട്ടു.
കിട്ടു വേഗം മഴവില്ലിന്റെ മുകളിൽ കയറി
മഴവില്ല് മാനത്തേയ്ക്കുയർന്നു.
"ഹായ്! ഹായ്! എന്തുരസം!
താഴെ എന്തെല്ലാം കാഴ്ചകൾ!
ഹായ്! ഹായ്! എന്തൊരു ഭംഗിയാ!"
ചിന്നുക്കിളിയും തീവണ്ടിയുടെ മുകളിൽ കയറി.

"മഴവില്ലേ! മഴവില്ലേ! നിനക്ക് എന്തെല്ലം നിറങ്ങളാ."

"നിന്നെ കാണാൻ എന്തൊരു ഭംഗിയാണ്. എനിക്കും കൂടി ഇത്തിരി നിറം തരുമോ?" കിട്ടുത്തീവണ്ടി ചോദിച്ചു.

"അതിനെന്താ കിട്ടൂ! നിനക്ക് ഇഷ്ടമുള്ള നിറങ്ങളെല്ലാം തൊട്ട് എടുത്തോളൂ." മഴവില്ല് പറഞ്ഞു.

കിട്ടുവിന് സന്തോഷമായി അവൻ വേഗം നിറങ്ങൾ തൊട്ടു തേച്ചു.

ഓറഞ്ച്, ചുവപ്പ്, നീല എന്നീ നിറങ്ങൾ തൊട്ടു തേച്ചു.

"ഹായ്! ഇപ്പോൾ എന്നെ കാണാൻ എന്ത് ഭംഗിയാ".

കിട്ടുവിന് സന്തോഷമായി.

**കൂട്ടുകാരേ... നമുക്കും തീവണ്ടിക്ക് നിറം നൽകിയാലോ?**

- വർക്ക്ഷീറ്റ് 22.2

എനിക്ക് നിറം നൽകാമോ? എന്ന വർക്ക്ഷീറ്റ് നൽകുന്നു.

- അക്കങ്ങളിലെ നിറങ്ങൾ നോക്കി നിറം നൽകുന്നു.
- അക്കങ്ങൾക്കകത്ത് നിറം നൽകുന്നു.

## വിലയിരുത്തൽ

- അക്കങ്ങളിലെ നിറം നോക്കി ബോഗിക്ക് നിറം നൽകാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -22.3 ഞങ്ങളെ കണ്ടെത്തൂ

**വികാസമേഖലകൾ** :
- ശാരീരിക ചാലകവികാസം
- വൈജ്ഞാനികവികാസം

**ശേഷികൾ** :
1. പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).
2. പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി പ്രത്യേകതകൾ കണ്ടെത്തി വാചികമായി അവതരിപ്പിക്കാൻ കഴിയുന്നു (30).

**ആശയങ്ങൾ** :
- പലതരം വാഹനങ്ങളുണ്ട്.
- യാത്ര ചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും വാഹനങ്ങൾ ഉപയോഗിക്കുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : നിർമാണപ്രവർത്തനത്തിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം

വൈകുന്നേരം ആയിട്ടും കിട്ടുത്തീവണ്ടിയെ കാണാനില്ല. കിട്ടുവിന്റെ കൂട്ടുകാരെല്ലാം പാർക്കിന്റെ ഒരു ഭാഗത്തു വിഷമിച്ച് ഇരിക്കുകയായിരുന്നു. അപ്പോഴതാ ആകാശത്തുകൂടി കിട്ടുത്തീവണ്ടി കൂകി ഉല്ലസിച്ചു പാഞ്ഞുപോകുന്നു. ആരെല്ലാമാണ് കിട്ടുവിനെ കാണാതെ വിഷമിച്ചിരുന്നത്?

- **വർക്ക്ഷീറ്റ് 22.3**

'ഞങ്ങളെ കണ്ടെത്തൂ' നൽകുന്നു.

- ഏതെല്ലാം വാഹനങ്ങളാണ് കിട്ടുത്തീവണ്ടിയെ കാണാതെ ഒരുമിച്ച് പാർക്കിൽ കൂടിയത്?

- ചിത്രത്തിലെ എണ്ണം എഴുതിയിട്ടുള്ള കളങ്ങളിൽ നിറം നൽകുന്നു.

## വിലയിരുത്തൽ

- വിവിധ വാഹനങ്ങളുടെ പേര് തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.
- പ്രാഗ്ലേഖന പ്രവർത്തനത്തിൽ ഏർപ്പെടാൻ കഴിയുന്നു.

ടീച്ചർക്ക് : അഞ്ച് അക്കങ്ങൾക്കും അഞ്ച് വ്യത്യസ്ത നിറങ്ങൾ നൽകാൻ നിർദേശിക്കാവുന്നതാണ്.

## വർക്ക്ഷീറ്റ് -22.4 തെയ് തെയ്തക, തെയ് തെയ്തോം

**വികാസമേഖലകൾ** :
- ശാരീരികചാലക വികാസം
- ഭാഷാവികാസം

**ശേഷി** :
1. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).
2. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).
3. ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, തന്റെ അനുഭവങ്ങൾ, അവസ്ഥകൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു (22).

**ആശയങ്ങൾ** :
- പലതരം വാഹനങ്ങളുണ്ട്.
- കര, വെള്ളം, ആകാശം എന്നിവയിലൂടെ പോകുന്ന വാഹനങ്ങളുണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്, പെൻസിൽ

**സന്ദർഭം** : കൊളാഷ് നിർമാണം എന്ന പ്രവർത്തനത്തിനുശേഷം

**പ്രക്രിയ**

- ആഖ്യാനം

ആർത്ത് ഉല്ലസിച്ച് ആകാശത്തുകൂടി പാഞ്ഞ കിട്ടുത്തീവണ്ടി താഴേക്ക് നോക്കിയപ്പോൾ കൂട്ടുകാരെല്ലാം തന്നെ നോക്കി നിൽക്കുന്ന കാഴ്ചയാണ് കണ്ടത്.

'എന്താ തോണിക്കുമാത്രം ഒരു സങ്കടം?' കിട്ടു മെല്ലെ താഴേക്ക് പറന്നിറങ്ങി.

"എന്താ തോണീ നീ വിഷമിച്ചിരിക്കുന്നത്?" കിട്ടു ചോദിച്ചു.

"നല്ല റോഡും നല്ല പാലവും വന്നു.

എല്ലാവരും ഞങ്ങളെ മറന്നു, ആർക്കും ഞങ്ങളെ വേണ്ട".

തോണി സങ്കടത്തോടെ പറഞ്ഞു.

പെട്ടെന്ന് മഴ പെയ്യാൻ തുടങ്ങി.

തോരാത്ത മഴ.

ദിവസങ്ങളോളം പെയ്തു.

വെള്ളം പൊങ്ങിപ്പൊങ്ങി വന്നു.

പൊങ്ങി! പൊങ്ങി! പൊങ്ങി! വന്നു.

പാലം മുങ്ങി! റോഡുകൾ മുങ്ങി! മരങ്ങൾ മുങ്ങി! ജീവജാലങ്ങൾ മുങ്ങി.

ആളുകൾ രണ്ടുനില മൂന്നുനില വീടുകളുടെ മുകളിലും കുന്നിൻ മുകളിലും കയറി.

തോണികൾ വന്നു.

റോഡിൽക്കൂടി ഒഴുകുന്ന വെള്ളത്തിലൂടെ തോണികൾ നീങ്ങി.

ആളുകളെ രക്ഷിച്ചു.

ഹെലികോപ്റ്ററും വന്ന് ആളുകളെ രക്ഷിച്ചു.
വെള്ളം ഇറങ്ങി.
എല്ലാവരും തോണികളെ ആദരിച്ചു.
ആപത്തു വന്നപ്പോൾ രക്ഷിച്ചത് നിങ്ങളാണ്
തോണികൾക്ക് സന്തോഷമായി.
തെയ് തെയ് തക തെയ് തെയ് തോം (4)

....... നമുക്കും തോണി വരച്ചാലോ

- **വർക്ക്ഷീറ്റ് 22.3** — 'തെയ് തെയ് തക തെയ്തോം' നൽകുന്നു.
- **ചിത്രവായന**
  - ചിത്രത്തിൽ എന്തെല്ലാം?
  - പ്രളയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച
  - പ്രളയവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയുന്നു.
  - ചിത്രത്തിൽ ഇഷ്ടാനുസരണം തോണികൾ വരച്ച് ചേർക്കുന്നു.
  - കുത്തുകളിലൂടെ ഹെലികോപ്റ്റർ വരച്ച് പൂർത്തിയാക്കുന്നു.

## വിലയിരുത്തൽ

- പല വലുപ്പത്തിലുള്ള തോണികൾ വരച്ച് പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ചിത്രത്തിലെ കാര്യങ്ങൾ പറയാൻ കഴിയുന്നു.
- പ്രളയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുന്നു.

# തീം 23 എന്റെ ഗ്രാമം

**ആമുഖം**

നമ്മുടെ നാട് എത്ര മനോഹരമാണ്. വയലുകൾ, പുഴകൾ, തോടുകൾ, മരങ്ങൾ, വീടുകൾ, വാഹനങ്ങൾ, പാലം, കൃഷിയിടം, ജീവികൾ, കുന്നുകൾ, ഹായ് ! എന്ത് ഭംഗിയല്ലേ! താമസിക്കുന്ന വീടിനു ചുറ്റും കുട്ടിക്ക് ഇത്തരത്തിലുള്ള മനോഹരമായ കാഴ്ചകൾ കാണാൻ അവസരം ലഭിക്കുന്നു. എല്ലാവരുടെ നാടിനും പേരുണ്ട്. സ്വന്തം നാടിനെക്കുറിച്ച് പറയാൻ കുട്ടികൾക്ക് വളരെയധികം ഇഷ്ടമാണ്. എന്റെ വീടിനു ചുറ്റും അയൽവീടുകൾ, കളിസ്ഥലം, കിണർ, മരങ്ങൾ, എല്ലാം ഉണ്ട്. ഓരോ കുട്ടിക്കും അവരുടെ നാടിനെ കൂടുതൽ പരിചയപ്പെടാനും കൂടുതൽ സവിശേഷതകൾ മനസ്സിലാക്കാനും ഈ തീമിലൂടെ കഴിയുന്നു.

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം (സ്വന്തം നാട്)
   ↓
2. മണൽതടത്തിൽ സ്കൂളും പരിസരവും ക്രമീകരിക്കൽ
   ↓
3. വർക്ക്ഷീറ്റ് 23.1 – "എന്തെല്ലാം? എന്തെല്ലാം?" നൽകൽ.
   ↓
4. പ്രകൃതിനടത്തം – പാടവരമ്പത്തേക്ക്
   ↓
5. പാട്ട് – എന്ത് സുന്ദരമെന്റെ ഗ്രാമം (അങ്കണത്തൈമാവ് – പേജ് നമ്പർ 227)
   ↓
6. വർക്ക്ഷീറ്റ് 23.2 – **നേഹയെ വീട്ടിൽ എത്തിക്കാമോ?**
   ↓
7. വർക്ക്ഷീറ്റ് 23.3 **ഞാനെത്ര? നീയെത്ര?**

## വർക്ക്ഷീറ്റ് –23.1 എന്തെല്ലാം? എന്തെല്ലാം?

**വികാസമേഖലകൾ** :
- ശാരീരിക ചാലകവികാസം
- വൈജ്ഞാനികവികാസം
- ഭാഷാവികാസം

**ശേഷികൾ** :
1. വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽ പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയാനും കൂട്ടത്തിൽ പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു (33).
2. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (14).
3. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).

**ആശയം** : വീടുകൾ, റോഡുകൾ, കടകൾ, കെട്ടിടങ്ങൾ എന്നിവയുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : മണൽ തടത്തിൽ സ്കൂളും പരിസരവും ക്രമീകരിക്കൽ പ്രവർത്തനത്തിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം

നേഹക്കുട്ടി ഇന്ന് വളരെ സന്തോഷത്തിലാണ്! എന്താണെന്ന് അറിയണ്ടേ? മുത്തശ്ശിയുടെ വീട്ടിൽ പോകാമെന്ന് അച്ഛൻ പറഞ്ഞു.

അതിന്റെ സന്തോഷത്തിലാണ് നേഹക്കുട്ടി.

“അമ്മേ... അമ്മേ... ഒന്ന് വേഗം ഇറങ്ങിയേ... ബസ് ഇപ്പോൾ വരും...”

‘മഞ്ചാടിക്കുന്ന്’ എന്നു പേരുള്ള ഗ്രാമത്തിലാണ് മുത്തശ്ശിയുടെ വീട്.

പട്ടണത്തിലൂടെയുള്ള ബസ് യാത്ര നേഹയ്ക്ക് വളരെ ഇഷ്ടമാണ്. നേഹയും അനിയൻ മനുവും അമ്മയും അച്ഛനും ബസ് വരുന്നത് കണ്ട് വേഗം ഓടിക്കയറി

“ണിം... ണിം.. ണിം...”

ബെല്ലടി ശബ്ദം കേട്ടപ്പോൾ ബസ് മുന്നോട്ടെടുത്തു.

“ഹായ്!”

എന്തെല്ലാം കാഴ്ചകൾ ! നേഹ ജനാലയിലൂടെ പുറത്തേക്ക് നോക്കി ഇരുന്നു.

“ണിം... ണിം... ണിം...” ബെല്ലടി ശബ്ദം വീണ്ടും. അപ്പോൾ ബസ് നിർത്തി. മഞ്ചാടിക്കുന്ന്... മഞ്ചാടിക്കുന്ന്... കണ്ടക്ടർ വിളിച്ചു പറഞ്ഞു. അവർ ബസിൽ നിന്നും ഇറങ്ങി.

എത്ര മനോഹരമായ ഗ്രാമം... പാടവരമ്പത്തിലൂടെ വേണം മുത്തശ്ശിയുടെ വീട്ടിലേക്ക് പോകാൻ. എന്തൊക്കെ കാഴ്ചകളാണ്? എന്ത് രസമാണ്!

- എന്തൊക്കെയായിരിക്കും നേഹ കണ്ടിട്ടുണ്ടാവുക? (സ്വതന്ത്ര പ്രതികരണം)

- നേഹ ബസിൽ യാത്ര ചെയ്തപ്പോൾ കണ്ട പട്ടണക്കാഴ്ചകളും ഗ്രാമക്കാഴ്ചകളും നമുക്കും ഒന്ന് കണ്ട് ആസ്വദിച്ചാലോ.

- **വർക്ക്ഷീറ്റ് 23.1** “എന്തെല്ലാം? എന്തെല്ലാം?” നൽകുന്നു.

- പട്ടണത്തിലെ കാഴ്ചകൾ എന്തെല്ലാം?
- ഗ്രാമത്തിലെ കാഴ്ചകൾ എന്തെല്ലാം?
- കുട്ടികൾ ഓരോരുത്തരായി ചിത്രം നിരീക്ഷിച്ച് പറയുന്നു.

## വിലയിരുത്തൽ

- ചിത്രം നിരീക്ഷിച്ച് പട്ടണക്കാഴ്ചകളും ഗ്രാമക്കാഴ്ചകളും പറയാൻ കഴിയുന്നു.
- നേഹയുടെ നാടും മുത്തശ്ശിയുടെ നാടും താരതമ്യം ചെയ്ത് പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് –23.2 നേഹയെ വീട്ടിലെത്തിക്കൂ...

**വികാസമേഖലകൾ** :
- ശാരീരികചാലകവികാസം
- വൈജ്ഞാനികവികാസം
- ഭാഷാവികാസം

**ശേഷികൾ** :

1. കൈവിരൽ, ഈർക്കിൽ, പെൻസിൽ, വെള്ളം, ചോക്ക്, ക്രയോൺ, സ്കെച്ച് പെൻ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു. (4)
2. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. (13)

3. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു. (31)
4. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ് വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (14).

**ആശയങ്ങൾ** : 1. എന്റെ വീടിന് ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ, പുഴകൾ എന്നിവയുണ്ട്.
2. വീടുകൾ, റോഡുകൾ, കടകൾ, കെട്ടിടങ്ങൾ എന്നിവയുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : 'എന്ത് സുന്ദരമെന്റെ ഗ്രാമം' എന്ന പാട്ടിനു ശേഷം.

**പ്രക്രിയ**

- ആഖ്യാനം : മുത്തശ്ശിയുടെ വീട്ടിൽ നേഹ വന്നതറിഞ്ഞ് അടുത്ത വീട്ടിലെ ടിങ്കു ഓടി വന്നു.

"നേഹക്കുട്ടീ... നേഹക്കുട്ടീ...

വാ... വേഗം വാ... നമുക്ക് കളിക്കാം.

''ഞാൻ കൂട്ടുകാരുമൊത്ത് കളിക്കാൻ പോകട്ടെ." നേഹ അമ്മയോട് ചോദിച്ചു. അമ്മയുടെ സമ്മതവും വാങ്ങി നേഹ കളിക്കാൻ പോയി. കുറച്ചു നേരം കളിച്ചു കഴിഞ്ഞപ്പോൾ അവൾ ടിങ്കുവിനോട് പറഞ്ഞു.

"ടിങ്കൂ! എനിക്ക് അമ്മയെ കാണണം... എന്നെ കൊണ്ടു വിടുമോ ടിങ്കൂ....."

''എനിക്ക് കുറച്ച് കൂടി കളിക്കണം നീ പൊയ്ക്കോ. ഞാൻ വരുന്നില്ല."

ടിങ്കു പറഞ്ഞു.

നേഹ തിരിച്ച് വീട്ടിലേക്ക് പോയി.

കുറെ ദൂരം നടന്നു കഴിഞ്ഞിട്ടും വീട്ടിൽ എത്തുന്നില്ല.

നേഹക്കുട്ടിക്ക് പേടിയായി! അയ്യോ! വഴി തെറ്റിയെന്നാ തോന്നുന്നത്. നേഹക്കുട്ടി ഒരു കടയുടെ മുന്നിൽ നിൽക്കുകയാണ്. നമുക്ക് അവളെ വീട്ടിൽ എത്തിച്ചാലോ?

- വർക്ക്ഷീറ്റ് 23.2 'നേഹക്കുട്ടിയെ വീട്ടിലെത്തിക്കൂ...' നൽകുന്നു.

- നേഹ എവിടെയാണ് ഇപ്പോൾ നിൽക്കുന്നത്?
- വീട്ടിലേക്ക് പോകുന്ന വഴിയിൽ എന്തൊക്കെ കണ്ടു?
- നേഹ ഏത് വഴിയിലൂടെയായിരിക്കും വീട്ടിലെത്തിയിട്ടുണ്ടാവുക?

## വിലയിരുത്തൽ

- നേഹയുടെ വീട്ടിലേക്ക് പോകുന്നവഴി കണ്ടെത്തി വഴിക്ക് നിറം കൊടുക്കാൻ കഴിയുന്നു.
- പോകുന്ന വഴിയിലുള്ള കാഴ്ചകൾ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -23.3 ഞാനെത്ര? നീയെത്ര?

**വികാസമേഖലകൾ** :
- വൈജ്ഞാനിക വികാസം
- സർഗാത്മക സൗന്ദര്യാത്മകവികാസം
- ശാരീരിക ചാലകവികാസം

**ശേഷികൾ** : 1. ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണാനും സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു. (44)

2. പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു. (80)

3. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. (13)

**ആശയം**

- എന്റെ വീടിന് ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ എന്നിവയുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, പെൻസിൽ

**സന്ദർഭം** : നേഹ മുത്തശ്ശിയുടെ വീട്ടിൽ പോയപ്പോൾ കണ്ട കാഴ്ചകളെക്കുറിച്ച് ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു. നഗരമോ ഗ്രാമമോ കളിക്കു ശേഷം.

**പ്രക്രിയ**

- ആഖ്യാനം

വീട്ടിലേക്ക് വരുമ്പോൾ വഴിതെറ്റിയതും വഴിയിൽ കണ്ട കാഴ്ചകളും എല്ലാം നേഹ അമ്മയോടു പറഞ്ഞു. വിശേഷങ്ങൾ പറഞ്ഞ് അമ്മയും നേഹയും അടുത്തുള്ള പുഴക്കരയിലേക്ക് നടന്നു. നേഹക്കുട്ടിക്ക് വെള്ളത്തിൽ കളിക്കാൻ വളരെ ഇഷ്ടമാണ്.

ഒരു കല്ലെടുത്ത് വെള്ളത്തിലേക്ക് ഇട്ടുകൊണ്ട് പറഞ്ഞു "അമ്മേ നോക്കിയേ... മീനുകൾ! എന്ത് രസമാ കാണാൻ. ഹായ്... ഹായ്... മീനുകൾ പൊങ്ങിച്ചാടുന്നു. എത്ര മീനുകളാ? എത്ര-എത്ര മരങ്ങൾ! മലകൾ! പുഴ!, മീനുകൾ! എന്തെല്ലാമാണ് ഇവിടെയുള്ളത്. മുത്തശ്ശിയുടെ നാട് കാണാൻ നല്ല ഭംഗിയുണ്ടല്ലേ അമ്മേ.

അതെ മോളേ.

എന്തൊക്കെ കാഴ്ചകളാണ് മുത്തശ്ശിയുടെ വീടിനടുത്ത് നേഹ കണ്ടത്?

- **വർക്ക്ഷീറ്റ് 23.3** ഞാനെത്ര? നീയെത്ര? നൽകുന്നു.

ചിത്രവായന

- പുഴയിൽ നിന്നും മുകളിലേയ്ക്ക് ഉയർന്ന എത്ര മീനുകളെയാണ് നേഹ കണ്ടത്?
- ചിത്രത്തിൽ എത്ര വീടുകൾ ഉണ്ട്?
- പുഴയിൽ കല്ലെടുത്തിട്ടത് ആരാ?

## വിലയിരുത്തൽ

- മരങ്ങൾക്ക് അനുയോജ്യമായ നിറങ്ങൾ നൽകാൻ കഴിയുന്നു.
- ചിത്രത്തിലെ വസ്തുക്കളുടെ എണ്ണം പറയാൻ കഴിയുന്നു.
- എണ്ണം എഴുതാൻ കഴിയുന്നു.

**അനുബന്ധം**

**ടീച്ചർക്ക്** വർക്ക്ഷീറ്റിൽ കൊടുത്തിരിക്കുന്ന ചിത്രത്തിന്റെ എണ്ണത്തിന് തുല്യമായി ചിത്രം വരച്ച് ചേർക്കുക/സ്റ്റിക്കർ ഒട്ടിക്കുക/വട്ടം വരയ്ക്കുക/എണ്ണം എഴുതുക/അനുയോജ്യമായ പ്രവർത്തനം ചെയ്യാവുന്നതാണ്.

# തീം 24 പൊതുസ്ഥാപനങ്ങൾ

**ആമുഖം**

പൊതുസ്ഥാപനങ്ങൾ പൊതുഇടങ്ങളാണ് എന്ന ചിന്ത ചെറിയ ക്ലാസ്സു മുതലേ കുഞ്ഞുങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്. സ്കൂൾ, അങ്കണവാടി, ആശുപത്രി, പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ, ബാങ്ക്, കടകൾ, ചന്ത, പാർക്ക് എന്നിവ പൊതുസ്ഥാപനങ്ങളാണ്. പൊതുസ്ഥാപനങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ അവിടെ സന്ദർശിച്ച് സവിശേഷതകൾ മനസ്സിലാക്കാനും വൈജ്ഞാനിക മേഖലയിലെ ശേഷികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുമാണ് ഈ തീമിലെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

**പ്രവർത്തനക്രമം**

1. പ്രീസ്കൂൾ/അങ്കണവാടി/ആശുപത്രി/ചന്ത തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്വാനുഭവങ്ങൾ പറയൽ.
   ↓
2. വർക്ക്ഷീറ്റ് 24.1 -**പൂച്ചപ്പള്ളിക്കൂടം**
   ↓
3. സ്വാനുഭവങ്ങളുമായി ബന്ധിപ്പിച്ചു പറയൽ
   ↓
4. അടുത്തുള്ള പൊതുസ്ഥാപനങ്ങളിൽ ചിലത് സന്ദർശിക്കൽ, കണ്ടതുപറയൽ.
   ↓
5. റോൾപ്ലേ-ആശുപത്രി, ടീച്ചർ-കുട്ടി, ചന്ത, പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ്
   ↓
6. വർക്ക്ഷീറ്റ് 24.2 - **വരച്ചു ചേർക്കാമോ?**
   ↓
7. ബിഗ്പിക്ച്ചർ ക്രമീകരണം - വീട്ടിൽ നിന്നും പ്രീ സ്കൂളിലേക്കുള്ള വഴി പറയൽ.

## വർക്ക്ഷീറ്റ് -24.1 പൂച്ചപ്പള്ളിക്കൂടം

**വികാസമേഖലകൾ** :
- വൈജ്ഞാനികവികാസം
- ഭാഷാവികാസം

**ശേഷികൾ** :
1. വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയാനും കൂട്ടത്തിൽ പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു (33).
2. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു (14).

**ആശയം** : സ്കൂൾ ഒരു പൊതുസ്ഥാപനമാണ്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : സ്വതന്ത്രഭാഷണത്തിനു ശേഷം

**പ്രക്രിയ**

- ആഖ്യാനം : **"പൂച്ചപ്പള്ളിക്കൂടം"**

പൂച്ചക്കുട്ടികൾ വെറുതെ കുസൃതികാട്ടി നടക്കുകയാണ്. ഇവർക്കും ഒരു സ്കൂൾ വേണം. പൂച്ചക്കുട്ടികളുടെ അച്ഛനമ്മമാർ ആലോചിച്ചു. അങ്ങനെ പൂച്ചക്കുട്ടികൾക്കായി ഒരു പൂച്ചപ്പള്ളിക്കൂടം തുടങ്ങി.

രാവിലെ നാട്ടിലെ പൂച്ചക്കുട്ടികളെ കരടിക്കുട്ടന്റെ വണ്ടിയിൽ കയറ്റി സ്കൂളിലെത്തിക്കും.

കണ്ടൻ പൂച്ചയാണ് സാറ്.

ഒന്നാം ദിവസം മീൻ തിന്നുന്ന വിധമാണ് പഠിപ്പിച്ചത്.

കറുമുറ! കറുമുറ!

"സർ, വിശക്കുമ്പോൾ അടുക്കളയിൽ കയറി മീൻ തിന്നുന്നത് ശരിയാണോ?" വെളുത്ത പൂച്ചക്കുട്ടി ചോദിച്ചു.

"വിശന്നിട്ടല്ലേ! കുഴപ്പമില്ല. പക്ഷേ തല്ലു കിട്ടാതെ ഓടണം."

കണ്ടൻ പൂച്ച പറഞ്ഞു

പിന്നെ തല്ലു കിട്ടാതെ ഓടിപ്പറിക്കൽ കളിയായിരുന്നു.

അടുക്കളയിൽ കയറി കട്ടുതിന്നുന്ന രംഗം പൂച്ചക്കുട്ടികൾ അഭിനയിച്ചു.

ക്ലാസ് ഉഗ്രൻ തന്നെ.

രണ്ടാം ദിവസം എല്ലാ പൂച്ചക്കുട്ടികളും നേരത്തെ എത്തി.

ഇന്ന് എലിയുടെ പാഠമായിരുന്നു.

പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ രണ്ടുമൂന്നെലികൾ മുകളിൽ നിന്നും താഴെ വീണു.

ആകെ ബഹളം!

പൂച്ചക്കുഞ്ഞുങ്ങളും പൂച്ചസാറും എലികളുടെ പിന്നാലെ പാഞ്ഞു. എലികൾ പുറത്തേക്കു ചാടി. പൂച്ചസാറും കുട്ടികളും പുറത്തേക്ക് ഒപ്പം ചാടി.

അപ്പോൾ ഒരു ബൗ ! ബൗ! വന്നു.

പൂച്ചസാർ അടുത്ത മരത്തിൽ അള്ളിപ്പിടിച്ചു കയറി പൂച്ചക്കുട്ടികൾ നിലവിളിച്ചുകൊണ്ട് ഓടി അടുത്ത പൊന്തക്കാട്ടിലൊളിച്ചു.

പട്ടി എലികളുടെ പിന്നാലെ ഓടി.

പൂച്ചപ്പള്ളിക്കൂടത്തിൽ എന്തൊക്കെയുണ്ടെന്ന് നമുക്ക് നോക്കിയാലോ?

- **വർക്ക്ഷീറ്റ് 24.1** പൂച്ചപ്പള്ളിക്കൂടം.
- ചിത്രവായന
  1. ചിത്രത്തിൽ എന്തെല്ലാം ഉണ്ട്?
  2. ക്ലാസ്മുറിയിൽ എന്തെല്ലാം ഉണ്ട്?
  3. ക്ലാസ്മുറിയിൽ ഉള്ള എന്തെല്ലാം കാര്യങ്ങൾ ചിത്രത്തിൽ ഉണ്ട്? എന്തെല്ലാം കാര്യങ്ങൾ ഇല്ല?

## • വിലയിരുത്തൽ

- ബോർഡിലെ എലിയുടെ ചിത്രത്തിലെ കുത്തുകകൾ വരച്ച് യോജിപ്പിക്കുന്നു. നിറം നൽകുന്നു.
- ചിത്രം നിരീക്ഷിച്ച് സാമ്യവ്യത്യാസങ്ങൾ പറയാൻ കഴിയുന്നു.

- ആഖ്യാനം തുടർച്ച : വൈകുന്നേരമായിട്ടും പൂച്ചക്കുഞ്ഞുങ്ങൾ വീട്ടിൽ എത്തിയിട്ടില്ല..

  അച്ഛനമ്മമാർ തിരക്കി, സ്കൂളിൽ എത്തി. അതാ മരത്തിനു മുകളിൽ പൂച്ച സാർ...

  പൂച്ചക്കുഞ്ഞുങ്ങളെ അവിടെയെങ്ങും കാണാനില്ല. പെട്ടെന്ന് ചെടികൾക്കിടയിൽ എന്തോ ശബ്ദം.

  തള്ളപ്പൂച്ചകൾ അങ്ങോട്ട് ഓടി...

  തള്ളപ്പൂച്ചകൾ നോക്കിയപ്പോൾ ചെടികൾക്കിടയിൽ തിളങ്ങുന്ന കണ്ണുകൾ...

ടീച്ചർ : ആരുടേതായിരിക്കും ആ തിളങ്ങുന്ന കണ്ണുകൾ? (കുട്ടികളുടെ പ്രതികരണം).

ചെടികൾക്കിടയിൽ നിന്നും കുഞ്ഞു...കുഞ്ഞു..

ഞ്യാവൂ! ഞ്യാവൂ! ഞ്യാവൂ

ചെടികൾക്കിടയിൽ ഒളിച്ചിരിക്കുന്നതാരാണെന്ന് കണ്ടെത്തിയാലോ?

ഒളിച്ചിരിക്കുന്ന കൂട്ടുകാർ ആരെല്ലാം?

- ചിത്രവായന
  1. എത്രപേരാണ് ചിത്രത്തിൽ ഒളിച്ചിരിക്കുന്നത്?
  2. നിറം നൽകിയാലോ?
  3. മൂന്ന് കൂട്ടുകാർക്കും ഓരോ അക്കങ്ങങ്ങൾ ഉണ്ട്. ഒരോ അക്കത്തിനും ഓരോ നിറങ്ങളും ഉണ്ട്. ശരിയായ നിറം നോക്കി ഓരോ പൂച്ചയ്ക്കും നിറം നൽകൂ.
  4. ചിത്രത്തിന് മറ്റ് എന്തെങ്കിലും പ്രത്യേകത ഉണ്ടോ എന്ന് ചോദിക്കുന്നു.

  (കുട്ടികളുടെ പ്രതികരണം)

വിലയിരുത്തൽ
- ശരിയായ നിറം തെരഞ്ഞെടുത്ത് നിറം നൽകാൻ കഴിയുന്നു.
- എത്ര പേരാണ് ഒളിച്ചിരിക്കുന്നതെന്ന് ശരിയായി പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -24.2 വരച്ചുചേർക്കാമോ?

**വികാസമേഖല** : വൈജ്ഞാനികവികാസം

**ശേഷികൾ** :
1. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).
2. സ്ഥാപനങ്ങളെക്കുറിച്ച് കണ്ടും കേട്ടും മനസ്സിലാക്കിയ കാര്യങ്ങൾ ആശയചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു (16).
3. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു (13).

**ആശയം** : എന്റെ നാട്ടിൽ സ്കൂൾ, അങ്കണവാടി, ആശുപത്രി, പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ് എന്നിവ ഉണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : പാവനാടകത്തിനു ശേഷം

**പ്രക്രിയ**

- ആഖ്യാനം : അടുത്ത ദിവസം പൂച്ചപ്പള്ളിക്കൂടം തുറന്നില്ല. പൂച്ചപ്പള്ളിക്കൂടത്തിലെ പൂച്ചസാറിനെ കാണാനില്ല. വെള്ളപ്പൂച്ചക്കുഞ്ഞിന് സങ്കടമായി. മാഷില്ലാതെ ഇനി എങ്ങനെ സ്കൂൾ തുറക്കും? എന്തു രസമായിരുന്നു സ്കൂളിൽ! എല്ലാം പോയില്ലേ.

  പൂച്ചക്കുഞ്ഞ് വിഷമിച്ച് നിന്നപ്പോഴാണ് ലാലിമോൾ സ്കൂൾ വിട്ട് ആ വഴിയേ വന്നത്.

“ഹായ്! എന്തൊരു ചന്തമാണ് ഈ പൂച്ചക്കുട്ടനെ കാണാൻ. നല്ല വാൽ, നല്ല നിറം, നല്ല മീശ, സുന്ദരൻ തന്നെ. ഇവനെ വീട്ടിൽ കൊണ്ടുപോയാലോ?” ലാലിമോൾ പൂച്ചയെയും എടുത്ത് വീട്ടിലേക്ക് നടന്നു. കുറച്ചു ദൂരം കഴിഞ്ഞപ്പോൾ വഴിയിൽ കൂട്ടുകാരെല്ലാം കൂടി നിൽക്കുന്നു.

"എന്താ? എന്തുപറ്റി?" ലാലിമോൾ അവരുടെ അടുക്കലേക്ക് പോയി ചോദിച്ചു.

മിഥുൻ ഇരുന്ന് കരയുന്നു. കൈയ്ക്ക് മുറിവ് പറ്റിയിരിക്കുന്നു. എല്ലാവരും കൂടി മിഥുനെ ആശുപത്രിയിൽ കൊണ്ടുപോയി. "കണ്ടോ! പൂച്ചക്കുട്ടാ... മുറിവ് പറ്റുന്നവരെയൊക്കെ ആശുപത്രിയിലാണ് കൊണ്ടു പോകുന്നത്.

"ദേ! നോക്കിയേ... അതാണ് പോലീസ് സ്റ്റേഷൻ. കള്ളൻമാരെ പിടിക്കാനാണ് പോലീസ്. നീ ഇനി മീൻ കട്ടുകൊണ്ട് പോയാൽ നിന്നെയും പോലീസ് പിടിച്ചുകൊണ്ടുപോകും". ലാലിക്കുട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു.

"ഞ്യാവൂ... ഞ്യാവൂ.... ഞ്യാവൂ" ഇത് കേട്ട് പൂച്ചക്കുഞ്ഞ് കരഞ്ഞു.

ചേച്ചീ... ചേച്ചീ, ലാലിക്കുട്ടിയുടെ അനിയത്തി ഓടിവന്നു.

"കുഞ്ഞുമോളേ... നീ ഇത്ര വേഗം വന്നോ...?

നോക്കിയെ എനിക്ക് ഈ പൂച്ചക്കുഞ്ഞിനെ കടയുടെ അരികിൽ നിന്നും കിട്ടിയതാ" ലാലി പറഞ്ഞു.

"ഹായ്! എന്ത് ഭംഗിയാ...ചേച്ചീ, ഇവനെ എനിക്ക് താ, ഞാൻ പിടിച്ചോളാം." കുഞ്ഞുമോൾ പറഞ്ഞു.

അങ്ങനെ രണ്ട് പേരും പൂച്ചക്കുഞ്ഞിനെയും കൊണ്ട് നടന്നു.

"മോളേ ലാലിക്കുട്ടി... ഒന്ന് നിന്നേ..."

പോസ്റ്റാഫീസിൽ നിന്ന് കുട്ടൻ അപ്പൂപ്പൻ ഇറങ്ങി വന്നു.

"മോളേ ഈ കത്ത് അച്ഛനുകൊടുക്കണം കേട്ടോ!" കുട്ടൻ അപ്പൂപ്പൻ പറഞ്ഞു.

"ശരി അപ്പൂപ്പാ. കൊടുക്കാം"

ഹാ! എവിടുന്നാ ഈ പൂച്ചക്കുട്ടൻ അപ്പൂപ്പൻ ചോദിച്ചു.

വഴിയിൽ നിന്ന് കിട്ടിയതാ. കുഞ്ഞുമോൾ പറഞ്ഞു.

രണ്ടു പേരും പൂച്ചക്കുഞ്ഞിനെയും കൊണ്ട് വീട്ടിലേക്ക് പോയി.

ലാലിയും കുഞ്ഞുമോളും പൂച്ചക്കുഞ്ഞും വഴിയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് കണ്ടത്? അവിടെ ആരൊക്കെയാണ് പോകുന്നത്?

- നിങ്ങൾ ഈ സ്ഥാപനങ്ങൾ കണ്ടിട്ടുണ്ടോ? പോയിട്ടുണ്ടോ?
- സ്ഥാപനങ്ങളെക്കുറിച്ച് കുട്ടികൾ കണ്ടും കേട്ടും മനസിലാക്കിയവ പറയാൻ അവസരം നൽകുന്നു.

- **വർക്ക്ഷീറ്റ് 24.3** 'വരച്ചു ചേർക്കാമോ?' നൽകുന്നു.

കുട്ടികൾ വരച്ചു ചേർക്കുന്നു.

## വിലയിരുത്തൽ

- ചിത്രം നോക്കി ശരിയായവയിലേക്ക് വരച്ചു ചേർക്കുന്നു.
- കുട്ടികൾ അവർ കണ്ടിട്ടുള്ള പൊതുസ്ഥാപനങ്ങളെക്കുറിച്ച് പറയുന്നു.

# തീം 25 കലകൾ, പ്രാദേശിക ഉത്സവങ്ങൾ

**ആമുഖം**

കലകളും പ്രാദേശിക ഉത്സവങ്ങളും കൊണ്ട് സമൃദ്ധമായ നാടാണ് കേരളം. സമൂഹവുമായി ഇണങ്ങിച്ചേർന്ന് ജീവിക്കാനും നല്ല മൂല്യങ്ങൾ വളർത്തിയെടുക്കാനും കലകളും ഉത്സവങ്ങളും ഏറെ ആവശ്യമാണ്. അതുകൊണ്ടുതന്നെ കലാസ്വാദനവും സർഗാത്മകതയും ചെറുപ്പം മുതലേ കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. കേവലം കലകളെയും ഉത്സവങ്ങളെയും പരിചയപ്പെടുത്തൽ അല്ല ഇതിലൂടെ നടക്കേണ്ടത്. നാടിന്റെ ഉത്സവങ്ങളും കലകളും കൂട്ടായ്മയിലൂടെയാണ് പോകുന്നതെന്നും സംസ്കാരം അത് കാത്തുസൂക്ഷിക്കാനുള്ളതാണെന്നും ഈ തീമിലൂടെ കുട്ടിക്ക് മനസ്സിലാക്കി കൊടുക്കണം. കൂടാതെ കലകളെയും ഉത്സവത്തെയും കുറിച്ച് കൂടുതൽ മനസ്സിലാക്കാനും കുട്ടിക്ക് കഴിയുന്നു. ഈ തീമിൽ ഒരുക്കിയിരിക്കുന്ന പ്രവർത്തനങ്ങളിൽ ഏറെയും സാമൂഹിക, സർഗാത്മക-സൗന്ദര്യാത്മക വികാസത്തിന് പ്രാധാന്യം നൽകുന്നതാണ്. ഒപ്പം തന്നെ ഭാഷാവികാസത്തിനും-ശാരീരിക-ചാലക വികാസത്തിനും പ്രാധാന്യം നൽകുന്നുണ്ട്.

നമ്മുടെ കലകളും സംസ്കാരവും പ്രാദേശിക ഉത്സവങ്ങളും ഒക്കെ അറിഞ്ഞും മനസ്സിലാക്കിയും കുട്ടികൾ വളരട്ടെ. അതിന് ഈ തീം സഹായകമാകണം.

**പ്രവർത്തനക്രമം**

1. ആംഗ്യപ്പാട്ട് - പൂരം- (കളിപ്പാട്ടം പേജ് നമ്പർ 219)
↓
2. വർക്ക്ഷീറ്റ് 25.1 -**ചെണ്ടച്ചിരി**
↓
3. വീഡിയോ പ്രദർശനം - വള്ളംകളി
↓
4. അഭിനയഗാനം - വള്ളംകളി
↓
5. ഉത്സവമേളത്തിന്റെ ചിത്രം കാണിക്കുന്നു. (ചിത്രത്തിലെന്തെല്ലാം - ചർച്ച)
↓
6. വർക്ക്ഷീറ്റ് 25.2 **ഉത്സവമേളം**
↓
7. വർക്ക്ഷീറ്റ് 25.3 **തക... തക.... തക....തക....തക തോം....**
↓
8. വിവിധ വസ്തുക്കളിൽ കമ്പുകൊണ്ട് അടിച്ച് ശബ്ദം കേൾപ്പിക്കൽ പറയൽ
↓
9. വാദ്യോപകരണങ്ങൾ നിർമിക്കൽ അതുപയോഗിച്ച് പാട്ടു പാടി ആസ്വാദിക്കൽ

## വർക്ക്ഷീറ്റ് -25.1 ചെണ്ടച്ചിരി

**വികാസമേഖലകൾ** :
- ശാരീരികചാലകവികാസം
- സർഗാത്മക സൗന്ദര്യാത്മകവികാസം

**ശേഷികൾ** :
1. പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു (13).
2. വിവിധയിനം പാട്ടുകൾ (കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ട്. കഥാഗാനങ്ങൾ) ശ്രദ്ധയോടെ കേൾക്കാനും ആസ്വാദിക്കാനും കഴിയുന്നു (63).

**ആശയം** : ഉത്സവവുമായി ബന്ധപ്പെട്ട വാദ്യോപകരണങ്ങൾ ഉണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്/പെൻസിൽ

**സന്ദർഭം** : വാദ്യോപകരണങ്ങളുടെ പാട്ട് പാടിയ ശേഷം.

**പ്രക്രിയ**

- ആഖ്യാനം

നാട്ടിൽ ഉത്സവം നടക്കുകയാണ്. മേളക്കാർ ചെണ്ടയും മറ്റ് വാദ്യോപകരണങ്ങളും എടുത്ത് മേളത്തിനൊരുങ്ങാൻ നേരം അതാ...

ഒരു ചെണ്ട ഉരുണ്ടുരുണ്ട് വരുന്നു.

"ഡും... ഡും... ണ്ടും....
ഉരുണ്ടുരുണ്ട് വന്നു ഞാൻ
തിരിഞ്ഞു മറിഞ്ഞു കുഴഞ്ഞു ഞാൻ"

ചെണ്ട പാടിക്കൊണ്ട് ചുറ്റിലും നോക്കി.

'അയ്യേ!' കയറും കോലും മുത്തും ഇല്ലാത്ത പൊണ്ണച്ചെണ്ടയെ നോക്കി ആളുകൾ പാടി.

"കയറില്ല ചെണ്ടയ്ക്ക്
മുത്തില്ല ചെണ്ടയ്ക്ക്
മണ്ടയ്ക്ക് കൊട്ടാൻകോലുമില്ല."

ചായ കുടിച്ചു കൊണ്ട് നിന്നിരുന്ന, ഉത്സവത്തിനു വന്ന ചെണ്ടകളെല്ലാം ഈ പാട്ടു കേട്ടു.

ഉത്സവച്ചെണ്ടകൾ, ഉരുണ്ടുരുണ്ട് വന്ന ചെണ്ടയെ കളിയാക്കാൻ തുടങ്ങി.

"അല്ല. അല്ല ഇത് ചെണ്ടയല്ല
ചെണ്ടയായാൽ കയറു വേണ്ടേ
കയറിന്റെയറ്റത്തു മുത്തു വേണ്ടേ
കൊട്ടാനൊരു കോലും വേണ്ടേ."

ഉരുണ്ടു വന്ന ചെണ്ടയ്ക്ക് സങ്കടമായി. അത് കരയാൻ തുടങ്ങി. കരച്ചിൽ കേട്ട് ഉത്സവപ്പറമ്പാകെ ഇളകി. അപ്പോഴതാ ഒരാൾ ഓടി വരുന്നു. 'പല്ലില്ലാത്ത, മുടിയില്ലാത്ത ഒരു കുസൃതിച്ചെക്കൻ. ചെക്കൻ ചെണ്ടയെ എടുത്ത് ചേർത്തു പിടിച്ചു കൊണ്ടു പറഞ്ഞു.

"അരുതരുതേ....
പൊളി പറയരുതേ
ചെണ്ടയാണിതെന്റെ
പൊന്നു ചെണ്ട
ഞാൻ വാങ്ങിയ
കുഞ്ഞുകളിച്ചെണ്ട"

അവൻ വേഗം ചെണ്ടയെടുത്ത് കുറവുകളെല്ലാം പരിഹരിച്ചു.

എങ്ങനെയെന്നോ ... നോക്കൂ !

വർക്ക്ഷീറ്റ് 25.1 'ചെണ്ടച്ചിരി' നൽകുന്നു.

- ചെണ്ടയിലെ കുത്തുകളിലൂടെ വരയ്ക്കുന്നു.
- ചിത്രത്തിൽ എന്തെല്ലാം?
- എത്ര ചെണ്ടകളാണ് കളിയാക്കിയത്?
- എണ്ണം എഴുതൂ.

- **ആഖ്യാനം (തുടർച്ച)** അപ്പോൾ ഉത്സവച്ചെണ്ടകളെല്ലാം നാണിച്ചു പോയി. ഉരുണ്ടുവന്ന ചെണ്ടയ്ക്ക് സന്തോഷമായി. അത് ചിരിക്കാൻ തുടങ്ങി. ഒപ്പം ചെക്കനും.

ചിരി ചിരി ചെണ്ടച്ചിരി ചിരി
ചിരി ചിരി ചിരിയോ ചിരി
ചെക്കൻ ചിരി ചിരി

## വിലയിരുത്തൽ

- പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.
- പാട്ട് ആസ്വാദിക്കുന്നു.

## വർക്ക്ഷീറ്റ് -25.2 ഉത്സവമേളം

**വികാസമേഖല** : വൈജ്ഞാനികവികാസം

**ശേഷി** : കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : ഉത്സവങ്ങളുമായി ബന്ധപ്പെട്ട് വാദ്യോപകരണങ്ങളുണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : ഉത്സവമേളം ചിത്രം-ചർച്ചയ്ക്കു ശേഷം.

**പ്രക്രിയ**

- ആഖ്യാനം

അനൗൺസ്മെന്റ് : "ഉത്സവത്തിനെത്തിയവരെല്ലാം വേഗം തന്നെ വേദിക്കരികിൽ എത്തേണ്ടതാണ്. പാട്ട് കച്ചേരി അല്പസമയത്തിനകം തുടങ്ങുന്നതാണ്".

ഉത്സവപ്പറമ്പിൽ നിന്നും അറിയിപ്പ് കേട്ട് ഉത്സവത്തിന് വന്നവരെല്ലാം വേദിക്കരികിലെത്തി. ഇന്ന് പാട്ട് കച്ചേരിയാണ്.

ആദ്യം ആടാണ് പാട്ട് പാടാനെത്തിയത്. ബ്ബേ... ബേ.... ബേ...

ആന ചെണ്ട കൊട്ടി.

പിന്നെ വന്നത് കുയിൽ

കൂ ....... കൂ..... കൂ...

കരടി ഓടക്കുഴൽ വായിച്ചു

ഞ്യാവൂ... ഞ്യാവൂ.....

പൂച്ചയുടെ പാട്ടിന് പട്ടി ഹാർമോണിയം വായിച്ചു. കാക്കയും കഴുതയും ഒന്നിച്ചാണ് സ്റ്റേജിൽ കയറിയത്. ഞാനാ പാടുന്നത്. അല്ല, ഞാൻ പാടിയിട്ട് നീ പാടിയാ മതി. അവർ തമ്മിൽ വഴക്കായി. സിംഹത്തിന് ദേഷ്യം വന്നു. സിംഹം ഉച്ചത്തിൽ അലറി. കാക്കയും കഴുതയും പേടിച്ച് വഴക്കു നിറുത്തി. അപ്പോൾ കരടി വീണയിൽ മനോഹരമായി 'സരിഗമ' പാട്ടുപാടി. എല്ലാവരും ശാന്തരായി. സിംഹം കരടിയോട് ക്ഷമ ചോദിച്ചു. കാക്കയും കഴുതയും ക്ഷമ ചോദിച്ചു. അപ്പോൾ തവള പാട്ടു പാടി തലകുത്തി മറിഞ്ഞു.

പേക്രോം... പേക്രോം... പേക്രോം

എല്ലാവരും പൊട്ടിച്ചിരിച്ചു.

വർക്ക് ഷീറ്റ് 25.2 'ഉത്സവമേളം' നൽകുന്നു.

- കഥയിൽ പറഞ്ഞ എന്തെല്ലാം സംഗീത ഉപകരണങ്ങൾ ചിത്രത്തിലുണ്ട്?

## വിലയിരുത്തൽ

- കുട്ടികൾ ശരിയായ സംഗീത ഉപകരണങ്ങൾ കണ്ടെത്തുന്നു. പേരുകൾ പറയുന്നു.

## വർക്ക്ഷീറ്റ് -25.3 തക തക തക തക തോം

**വികാസമേഖല** : വൈജ്ഞാനികവികാസം

**ശേഷി** : 1. വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ചു കണ്ടെത്തി പറയാനും കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു (33).

**ആശയം** • ഉത്സവങ്ങളുമായി ബന്ധപ്പെട്ട വാദ്യോപകരണങ്ങളുണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : ഉത്സവമേളത്തിന്റെ ചിത്രം കാണിച്ചതിനു ശേഷം.

**പ്രക്രിയ**

• ആഖ്യാനം

രാത്രിയായി.

എല്ലാവരും ഉറക്കമായി.

അടുക്കളയിൽ നിന്ന് ഒരു ശബ്ദം.

"ണിം... ണിം... ണിം... ണിം... ണിം... ണോം..."

പൂച്ച ചെവി വട്ടം പിടിച്ചു. പതുക്കെ ചെന്നു നോക്കി. കിണ്ണവും തവിയും താളം കൊട്ടുകയാണ്.

ഡും... ഡും... ഡും... ഡും... ഡോം... മുമ്പിലത്തെ മുറിയിൽ നിന്നും ഒരു ശബ്ദം

പൂച്ച അങ്ങോട്ടോടി.

കളിച്ചെണ്ട താളം കൊട്ടുകയാണ്.

പെട്ടെന്ന് അവിടെ നിന്നും ഇവിടെ നിന്നും ശബ്ദം

ഓരോരോ ഉപകരണങ്ങൾ താളമിട്ട് മുറ്റത്തേക്ക് വന്നു.

"ഷൂ.... ഷൂ... ഷൂ... ഷൂ...."

"കിം... കിം... കിം... കീ..."

ആരെല്ലാമാണ് താളമിട്ടത്?

പൂച്ച കണ്ടു പിടിക്കാൻ നോക്കി.

പിന്നെയും താളമേളം.

പട്ടം താളത്തിനൊത്ത് ചാഞ്ചാടി.

കുടകൾ ആകാശത്ത് നൃത്തം വച്ചു.

കുഞ്ഞിപ്പാവ താളത്തിനൊത്ത് തലയാട്ടി.

കളിപ്പാട്ടമായ കാർ പോ... പോ... മുഴക്കി.

കുഞ്ഞിപ്പൂച്ച താളത്തിനൊത്ത് തുള്ളി.

തക... തക... തക... തക.... തോം

(കുട്ടികൾ താളം പിടിക്കട്ടെ.... സംഗീതമൂല)

എന്തെല്ലാമാണ് താളമിട്ടത്? പൂച്ചയെ സഹായിക്കാമോ?

• **വർക്ക്ഷീറ്റ് 25.3** 'തക തക തക തക തോം' നൽകുന്നു.

ചിത്രത്തിൽ നിന്നും സംഗീത ഉപകരണങ്ങൾ കണ്ടെത്തി അവയ്ക്ക് നേരെ വരയ്ക്കുക.

ടീച്ചർക്ക് : സംഗീതമൂലയിലെ വാദ്യോപകരണങ്ങൾ കുട്ടികൾക്ക് ഉപയോഗിക്കുന്നതിന് അവസരം നൽകണം.

## വിലയിരുത്തൽ

• ശരിയായ വാദ്യോപകരണങ്ങളെ തിരിച്ചറിയാൻ കഴിയുന്നു.

# തീം 26 ആകാശം

**ആമുഖം**

ആകാശം ഒരു അത്ഭുത ലോകമാണ്. കുട്ടികൾ വളരെയധികം ആകാംക്ഷയോടെയും കൗതുകത്തോടെയുമാണ് ആകാശത്തെ കാണുന്നത്. എത്രത്തോളം തൊടാൻ ശ്രമിച്ചാലും നമ്മളിൽ നിന്നും ദൂരേയ്ക്ക് പറന്ന് പറന്ന് പോകുന്ന നീലാകാശം ! പഞ്ഞിക്കെട്ടുകൾ പോലുള്ള മേഘങ്ങൾ ! വെളിച്ചവും വെയിലും തന്ന് നമ്മെ അമ്പരപ്പിക്കുന്ന സൂര്യൻ ! രാത്രിയാകുമ്പോഴോ നീലാകാശം കറുപ്പാകുന്നു. മേഘങ്ങളിൽ ഓടിയൊളിച്ചിരുന്ന നക്ഷത്രങ്ങൾ രാത്രിയിൽ മിന്നിമിന്നി തിളങ്ങുന്നു. ചന്ദ്രക്കലയായും പപ്പടവട്ടത്തിലും വരുന്ന അമ്പിളിമാമൻ. അങ്ങനെ എന്തെല്ലാം അത്ഭുത കാഴ്ചകളാണ് കുട്ടികൾ കാണുന്നത്. ഭൂമിയും ആകാശവും രണ്ടും രണ്ടാണെന്ന ചിന്തകൾ ചെറുപ്പം മുതൽ കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കാൻ കഴിയും.

ഗണിതവും സർഗാത്മകതയും ശാസ്ത്രവും കൂടിക്കലർന്ന പ്രവർത്തനങ്ങൾ ആണ് ഈ തീമിൽ ഒരുക്കിയിരിക്കുന്നത്. ആകാശം എന്ന അത്ഭുത ലോകത്തെക്കുറിച്ച് കുട്ടിക്ക് കൂടുതൽ അറിയാൻ ഈ തീമിലൂടെ കഴിയട്ടെ.

**പ്രവർത്തനക്രമം**

1. കടങ്കഥപ്പാട്ടുകൾ – ആകാശം
   ↓
2. വർക്ക്ഷീറ്റ് 26.1 – **നക്ഷത്രപ്പൂക്കൾ**
   ↓
3. വിമാനപ്പാട്ടുകൾ പാടൽ (കളിപ്പാട്ടം പേജ് 217)
   ↓
4. വർക്ക്ഷീറ്റ് 26.2 – **മാജിക് കണ്ണട**
   ↓
5. ചുമരിലൊരു മഴവില്ല് – പരീക്ഷണം ചെയ്യൽ
   ↓
6. വർക്ക്ഷീറ്റ് 26.3 – **പാട്ടുപാടാം– പടം വരയ്ക്കാം**
   ↓
7. രാത്രിയിലെ ആകാശം (അനുഭവം പറയൽ)

## വർക്ക്ഷീറ്റ് –26.1 നക്ഷത്രപ്പൂക്കൾ

**വികാസമേഖല** : ശാരീരിക ചാലകവികാസം

**ശേഷി** : 1. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു. (5)

**ആശയങ്ങൾ** :
1. ആകാശത്ത് സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം എന്നിവ കാണാം.
2. പകൽ സൂര്യനെയും രാത്രി ചന്ദ്രനെയും നക്ഷത്രങ്ങളെയും കാണാം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : ആകാശത്തിന്റെ കടങ്കഥപ്പാട്ടിനു ശേഷം.

**പ്രക്രിയ**

- ആഖ്യാനം : നിറയെ പുല്ലുകളുള്ള മനോഹരമായ ഒരു കുന്നിൻ ചരിവ്!
  കുറെ കുഞ്ഞാടുകൾ മേയാനായി അവിടെ എത്തി.
  പുല്ല് തിന്നുതിന്ന് ആടുകൾ കുന്നിനു മുകളിലേക്ക് കയറി.

എന്നിട്ടോ! രാത്രിയായിട്ടും അവർ മടങ്ങിയില്ല.

"ഹായ്! ഹായ്! നിറയെ പൂക്കൾ" ഒരു കുഞ്ഞാട് പറഞ്ഞു.

പൂക്കൾ തിന്നാനായി കുഞ്ഞാടുകൾ ഓടി...

അങ്ങ് ദൂരെ... ആകാശത്താണ് പൂക്കൾ വിരിഞ്ഞിരിക്കുന്നത്.

ആകാശത്തെ പൂക്കൾ തിന്നാനായി അവർ ആകാശത്തേക്ക് കയറിക്കയറി പോയി.

ഹായ്! എന്താ രസം! ഭാരമൊന്നുമില്ല...

പഞ്ഞിക്കെട്ടുപോലെ... ഹോ !

പറന്നു പറന്നു പോകാം !

അങ്ങനെ ആട്ടിൻ കുട്ടികൾ ഓരോ പൂവിന്റെയും അടുത്തെത്തി!

'ഹായ് എന്തൊരു ചന്തം!'

ഇതിനെ എങ്ങനെ കഴിക്കും?

അല്ലെങ്കിൽ വേണ്ട!

"ദേ! നോക്കിയേ... അവിടെ ഒരു ചപ്പാത്തി അത് കഴിക്കാം"

"വേഗം വാ..കൂട്ടുകാരെ നമുക്ക് ചപ്പാത്തി തിന്നാൻ പോകാം."

ആട്ടിൻകുട്ടികൾ കൂട്ടമായി ചപ്പാത്തി തിന്നാൻ പോയി.

എല്ലാവരും ഒന്നിച്ചു ചെന്നപ്പോൾ ആകെ ഇരുട്ടായി

ചപ്പാത്തി കാണാനില്ല. കുറ്റാക്കൂരിരുട്ട്!!

ആട്ടിൻകുട്ടികൾ പേടിച്ചു നിലവിളിച്ചു വീട്ടിലേക്കോടി.

എല്ലാവരും ഓടി വന്ന് അമ്മയോട് കാര്യം പറഞ്ഞു.

അമ്മ ആകാശത്തേക്ക് വിരൽ ചൂണ്ടി ചിരിച്ചുകൊണ്ട് ചോദിച്ചു.

"അതു കണ്ടിട്ടാണോ? നിങ്ങൾ പേടിച്ചത്"

ആട് ചോദിച്ചു.

മാനത്ത് നിന്ന് ചന്ദ്രനും നക്ഷത്രങ്ങളും ആട്ടിൻകുട്ടികളെ നോക്കി പുഞ്ചിരിച്ചു.

ആകാശത്ത് കണ്ട ആട്ടിൻ കുട്ടികളും പൂക്കളും ചപ്പാത്തിയും നിങ്ങൾക്കും കാണണ്ടേ.

വർക്ക്ഷീറ്റ് 26.1 'നക്ഷത്രപൂക്കൾ' നൽകുന്നു.

- ആട്ടിൻ കുട്ടികൾ (മേഘം), പൂക്കൾ (നക്ഷത്രങ്ങൾ), ചപ്പാത്തി (ചന്ദ്രൻ) എന്നിവ വരച്ച് നിറം നൽകുന്നു.

## വിലയിരുത്തൽ

- ചിത്രങ്ങൾ തിരിച്ചറിഞ്ഞ് ഉചിതമായ രീതിയിൽ നിറം നൽകാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -26.2 മാജിക് കണ്ണട

**വികാസമേഖല** : ശാരീരിക ചാലകവികാസം

**ശേഷി** : 1. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു. (ക്രയോൺ, സ്കെച്ച് പെൻ, പെൻസിൽ, വാട്ടർ കളർ, അറയ്ക്കപ്പൊടി, പേപ്പർ, തുണി) (5).

**ആശയങ്ങൾ** : 1. ആകാശത്തു സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം എന്നിവ കാണാം.

2. പകൽ സൂര്യൻ, രാത്രി ചന്ദ്രനും നക്ഷത്ര ങ്ങളും കാണാം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : വിമാനപ്പാട്ടുകൾ പാടിയശേഷം

**പ്രക്രിയ**

- ആഖ്യാനം : ആകാശ്മോന് ഒരു കണ്ണട കിട്ടി!

പ്രത്യേകതരം ഒരു കണ്ണട!

ഒരു കണ്ണടച്ച് ചില്ലിൻ കൂട്ടിൽ നോക്കിയാൽ പകൽ!!

മറ്റൊരു കണ്ണടച്ച് ചില്ലിൻ കൂട്ടിൽ നോക്കിയാൽ രാത്രി!!

രണ്ടുചില്ലുകളിലൂടെയും രണ്ടു കണ്ണും കൊണ്ട് നോക്കിയാലോ സന്ധ്യ!!

രാത്രിയാകട്ടെയെന്നു പറഞ്ഞ് ചില്ലിൽക്കൂടി നോക്കിയാൽ മതി!

രാത്രിക്കാഴ്ചകൾ മാത്രം കാണാം.

പകലാകട്ടെയെന്ന് പറഞ്ഞ് നോക്കിയാൽ പകൽക്കാഴ്ചകളും.

**വർക്ക് ഷീറ്റ് 26.2** മാജിക് കണ്ണട നൽകുന്നു.

കണ്ണാടിയിലൂടെ നമ്മൾക്കും നോക്കിയാലോ!

ഇടത്തേ ചില്ലിൽ രാത്രി നിറം, വലത്തേ ചില്ലിൽ പച്ച, നീല, ചുവപ്പ് നിറങ്ങളും ചേർക്കട്ടെ!

സൂര്യനെയും ചന്ദ്രനെയും വരയ്ക്കാം നിറം നൽകാം. സൂര്യനെയും ചന്ദ്രനെയും നക്ഷത്ര ങ്ങളെയും വരയ്ക്കാം.

## വിലയിരുത്തൽ

– ശരിയായ രീതിയിൽ തിരിച്ചറിഞ്ഞ് ചിത്രങ്ങൾ വരച്ച് ചേർക്കാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് –26.3 പാട്ട് പാടാം, പടം വരയ്ക്കാം

**വികാസമേഖലകൾ** :
- ശാരീരിക ചാലകവികാസം
- സർഗാത്മകവികാസം

**ശേഷികൾ** :
1. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു. (ക്രയോൺ, സ്കെച്ച് പെൻ, പെൻസിൽ, വാട്ടർ കളർ, അറയ്ക്ക പ്പൊടി, പേപ്പർതുണി) (5).
2. കേട്ടപ്പാട്ടുകൾ താളാത്മകമായി പാടാൻ കഴി യുന്നു.

**ആശയം**
- ആകാശത്തു സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം, മഴവില്ല് എന്നിവ കാണുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : 'ചുവരിലൊരു മഴവില്ല്' എന്ന ലഘു പരീക്ഷ ണത്തിനുശേഷം.

**പ്രക്രിയ**

- പാട്ട്

ആ... ആ... ആകാശം
ആകാശത്തൊരു മഴവില്ല്
മഴവില്ലൊന്നു വരച്ചീടാം...
ഹായ് ! മഴവില്ല് !!
ആ... ആ... ആകാശം
ആകാശത്തൊരു കരിമേഘം

കരിമേഘത്തെ വരച്ചീടാം...

ഹായ്! ഹായ്! കരിമേഘം

ആ.... ആ.... ആകാശം

ആകാശത്തൊരു പൊൻവെട്ടം

പൊൻവെട്ടത്തെ വരച്ചീടാം

ഹായ്! ഹായ്! സൂര്യൻ.

പാടുന്നതിനനുസരിച്ച് എല്ലാവരും ചിത്രം വരയ്ക്കണം

**വർക്ക് ഷീറ്റ് 26.3** പാട്ട് പാടാം, പടം വരയ്ക്കാം

വർക്ക് ഷീറ്റ് നൽകുന്നു.

## വിലയിരുത്തൽ

- പാട്ട് പാടി ആസ്വാദിച്ചുകൊണ്ട് ചിത്രങ്ങൾ ശരിയായി വരയ്ക്കാൻ കഴിയുന്നു.

# തീം 27 കളികൾ, വിനോദങ്ങൾ

**ആമുഖം**

കളി രീതിയിലുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് വളരെയധികം ഇഷ്ടമുള്ളതാണ്. കളികളിൽ ഏർപ്പെടാൻ കുട്ടികൾ വളരെയധികം താൽപര്യവും കാണിക്കുന്നു. ഒരു ദിവസം മുഴുവൻ കളിച്ചാലും കുട്ടികൾ മടുക്കുന്നില്ല. കളികൾ പലതരമുണ്ടെന്ന് ഈ തീമിലൂടെ കടന്നു പോകുമ്പോൾ കുട്ടിക്ക് മനസ്സിലാക്കാൻ കഴിയുന്നു. കളിപ്പാട്ടങ്ങൾ ഉപയോഗിച്ചുള്ള സ്വതന്ത്രകളികൾക്ക് പുറമെ കളിപ്പാട്ടങ്ങൾ ഉപയോഗിക്കാതെയുള്ള ആസൂത്രിതകളികൾകൂടി ഉണ്ടെന്ന് കുട്ടികൾക്ക് മനസ്സിലാകണം. വെറും കളികൾ അല്ല ഈ തീമിലൂടെ കുട്ടിക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. ശേഷികൾ നേടാനുള്ള കളികളാണ് ഒരുക്കുന്നത്. ഒപ്പം തന്നെ കളിപ്പാട്ട നിർമാണവും. കളിയിൽ ചില നിമയങ്ങളുണ്ടെന്നും അത് പാലിക്കപ്പെടേണ്ടതാണെന്നും തിരിച്ചറിയുന്നു.

**പ്രവർത്തനക്രമം**

1. കൈകൊട്ടിക്കളി (കളിപ്പാട്ട് പേജ്. 233)
   ↓
2. വർക്ക്ഷീറ്റ് 27.1 **പന്തു വരയ്ക്കാമോ?**
   ↓
3. കളിപ്പാട്ടമില്ലാതെയുള്ള ആസൂത്രിതകളി
   ↓
4. വർക്ക്ഷീറ്റ് 27.2 - **വരച്ച് യോജിപ്പിക്കാം.**
   ↓
5. വിവിധതരം കളികളെയും കളിക്കാരെയും മോണിറ്ററിലൂടെ പരിചയപ്പെടുത്തൽ

## വർക്ക്ഷീറ്റ് -27.1 പന്ത് വരയ്ക്കാമോ ?

**വികാസമേഖല** : ശാരീരികചാലകവികാസം

**ശേഷി** : കൈവിരൽ, ഈർക്കിൽ, പെൻസിൽ, വെള്ളം, ചോക്ക്, ക്രയോൺ, സ്കെച്ച് പെൻ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു (4).

**ആശയം** :
1. പലതരം കളികളുണ്ട്.
2. രണ്ടു പേർ ചേർന്നും സംഘമായും ഉള്ള കളികൾ ഉണ്ട്.
3. ചില നിർദ്ദേശങ്ങളും കളിയിൽ പാലിക്കേണ്ടതുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്, സ്കെച്ച് പെൻ

**സന്ദർഭം** : കൈകൊട്ടിക്കളിയ്ക്ക് ശേഷം.

**പ്രക്രിയ**

- ആഖ്യാനം

കുഞ്ചുമോൻ സ്കൂളിൽ നിന്നും വീട്ടിലേക്ക് ഓടി പോവുകയായിരുന്നു. അപ്പോഴാണ് കളിസ്ഥലത്ത് കുറെപ്പേർ കളിക്കുന്നത് കുഞ്ചു കണ്ടത്.

“ഇന്ന് കളിക്കാൻ കുറെപ്പേർ ഉണ്ടല്ലോ.
ഇവരോടൊപ്പം കളിക്കാൻ കൊതിയാകുന്നു.
പക്ഷേ എന്നെ ആരും കൂട്ടില്ല.
എന്നാലും ചേട്ടൻമാരോട് പോയി ചോദിക്കാം!”
കുഞ്ചു കളിസ്ഥലത്തേക്ക് പോയി.
ഈ കളി ഞാൻ ആദ്യമായിട്ടാണല്ലോ കാണുന്നത്.

ഇത് എന്താ ഒരു വല?
അപ്പുറത്ത് കുറച്ച് പേർ! ഇപ്പുറത്ത് കുറച്ച് പേർ!
എന്തായിരിക്കും ഈ കളി! ബോളും വലുതാണല്ലോ?
കുറെ ചേട്ടന്മാർ ക്രിക്കറ്റ് കളിക്കുന്നു.
കുറച്ച് പേർ കാൽപ്പന്ത് കളിക്കുന്നു.
എനിക്ക് ലാലുച്ചേട്ടൻ കളിക്കുന്ന പുതിയ കളിയിൽ കളിക്കാനാണ് ഇഷ്ടം.
എന്തായാലും ലാലുച്ചേട്ടനോട് ചോദിക്കാം.
"ലാലുച്ചേട്ടാ... ലാലുച്ചേട്ടാ... എന്നെക്കൂടി കളിപ്പിക്കുമോ?"
'നീ വളരട്ടെ'. ലാലു പറഞ്ഞു.
കുഞ്ചുവിന് സങ്കടമായി. അവൻ വീട്ടിലേക്കോടി. പന്തുകൾ ഇത് കണ്ടു. അവർക്കും സങ്കടമായി. പന്തുകൾ കുഞ്ചുവിന്റെ പിന്നാലെ ഉരുണ്ട് ഉരുണ്ട് പോയി. കളിക്കാർ പിറകെ ഓടി. ഓടിയോടി പന്തിന്റെയടുത്തെത്തുമ്പോൾ പന്തുകൾ സ്പീഡു കൂട്ടും. "എന്നെയും കളിപ്പിക്കാമെങ്കിൽ ഞാൻ പന്തു പിടിച്ചു തരാം" കുഞ്ചുപറഞ്ഞു. അവർ സമ്മതിച്ചു. "പന്തേ.. പന്തേ... വാവാ.. 'ഇവിടെ വാവാ..." കുഞ്ചു വിളിച്ചു. പന്തുകൾ കുഞ്ചുവിന്റെ അടുത്ത് ഓടിയെത്തി. എല്ലാവരും സന്തോഷത്തോടെ വീണ്ടു കളിക്കാൻ പോയി.
പന്തുകളും ഒപ്പം കൂടി, പക്ഷേ അവരുടെ കളി സ്ഥലം മറന്നു പോയി. ഓരോ പന്തും എവിടേക്കാണ് പോകേണ്ടതെന്ന് വരയ്ക്കാമോ?

വർക്ക്ഷീറ്റ് 27.1

'പന്ത് വരയ്ക്കാമോ' നൽകുന്നു. കുഞ്ചുക്കുട്ടന്റെ പിന്നാലെ ഓടിയ പന്തുകളെ യഥാസ്ഥാനത്ത് വരച്ചു ചേർക്കൂ.

## വിലയിരുത്തൽ

- പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.
- ഓരോ കളിക്കും അനുയോജ്യമായ പന്ത് വരച്ച് ചേർക്കുന്നു.

# തീം 28 റേഡിയോ, ടി.വി, ഫോൺ

**ആമുഖം**

നമുക്കുചുറ്റും നടക്കുന്ന കാര്യങ്ങളെല്ലാം ഒരു വിരൽത്തുമ്പ് അമർത്തിയാൽ നമ്മുടെ സ്വീകരണമുറിയിൽ ഇരുന്ന് അറിയുന്ന കാലമാണിത്. ഇന്ന് വാർത്തകൾ അറിയാൻ വിവിധ മാർഗങ്ങളുണ്ട്. കുട്ടികൾക്ക് അറിയാവുന്നതും അറിയാത്തതുമായ നിരവധി വാർത്താമാധ്യമങ്ങൾ ഉണ്ട്. ഇതെല്ലാം കണ്ടും കേട്ടും അറിഞ്ഞുമാണ് കുട്ടികളുടെ വളർച്ച. ഇവ എന്തിനെല്ലാം? എന്താണ് ഇവയുടെ പ്രാധാന്യം? ഇവയെക്കുറിച്ചുള്ള ധാരണ കുട്ടിക്ക് നൽകണം. വിനോദ പരിപാടികൾക്കും ഗൗരവമായ കാര്യങ്ങൾ അറിയുന്നതിനും വാർത്താവിനിമയ മാധ്യമങ്ങൾ ഉപയോഗിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഈയവസരം വിവരസാങ്കേതിക വിദ്യയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സമയമാണ്. കുട്ടി ഈ മാറ്റങ്ങൾ എല്ലാം അറിഞ്ഞും അനുഭവിച്ചുമാണ് വളരേണ്ടത്. വൈജ്ഞാനിക -സർഗാത്മക മേഖലയിലെ സാധ്യതകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ തീം വിനിമയം ചെയ്യുമ്പോൾ സാധ്യമാക്കേണ്ടതുണ്ട്. ഇതിനെല്ലാം ഉതകുന്ന പ്രവർത്തനക്കാർഡുകളാണ് ഈ തീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**പ്രവർത്തനക്രമം**

1. ചിത്രവായന (ശുചിത്വം)
↓
2. ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ
↓
3. ചിത്രവും കേട്ട വിവരണങ്ങളും തമ്മിൽ ബന്ധിപ്പിക്കൽ
↓
4. വർക്ക്ഷീറ്റ് 28.1 **വേറിട്ട വാർത്ത**
↓
5. കഥാഗാനം കേൾക്കൽ (റേഡിയോ)
↓
6. നല്ല വാർത്ത
↓
7. ചിത്രവായന (ചിത്രം ഉൾപ്പെടെയുള്ള പത്രവാർത്തകൾ)
↓
8. വിവിധ പരിപാടികളുടെ (റേഡിയോ/ടി.വി എന്നിവയുടെ) അവതരണം
↓
9. വാർത്ത കൈമാറൽ കളി

## വർക്ക്ഷീറ്റ് -28.1 വേറിട്ട വാർത്ത

**വികാസമേഖല** : വൈജ്ഞാനികവികാസം

**ശേഷി** : വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയാനും കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു (33).

**ആശയങ്ങൾ** :
1. വാർത്തകൾ അറിയാൻ വിവിധ മാർഗങ്ങളുണ്ട്.
2. വാർത്തകൾ, വിനോദപരിപാടികൾ എന്നിവ കേൾക്കുന്നതിനും കാണുന്നതിനും റേഡിയോ, മൊബൈൽഫോൺ, ടി.വി. എന്നിവ ഉപയോഗിക്കുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്

**സന്ദർഭം** : ചിത്രവായനയെത്തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ശേഷം.

**പ്രക്രിയ**

- ആഖ്യാനം

"മുത്തശ്ശാ..., മുത്തശ്ശാ..., ഈ പെട്ടിയും പിടിച്ച് എന്ത് ചെയ്യുവാ? കുറെ നേരമായല്ലോ പെട്ടിയുടെ വട്ടത്തിൽ പിടിച്ച് തിരിച്ചും മറിച്ചും ഇരിക്കാൻ തുടങ്ങിയിട്ട്."

"വാ മുത്തശ്ശാ, വാ... നമുക്ക് പടം വരയ്ക്കാം ദാ, കളർ പെൻസിലും, പേപ്പറും എല്ലാം ഉണ്ട്."

"ഹ... ഹ... ഹ... വിനുമോനേ ഇത്, പെട്ടിയല്ല. ഇതാണ് റേഡിയോ."

'റേഡിയോ...!' അവൻ അതിശയത്തോടെ ചോദിച്ചു.

'അതെ മോനേ, റേഡിയോയിലൂടെ നമുക്ക് പാട്ടുകൾ, വാർത്തകൾ, നാട്ടുവിശേഷം തുടങ്ങി പല കാര്യങ്ങളും കേൾക്കാൻ കഴിയും.

''ആണോ മുത്തശ്ശാ... അപ്പോൾ സിനിമ കാണാൻ പറ്റുമല്ലോ?'' വിനുമോൻ വീണ്ടും ചോദിച്ചു.

"ഇല്ല, വിനുക്കുട്ടാ, സിനിമ കേൾക്കാൻ പറ്റും, കാണാൻ കഴിയില്ല."

പെട്ടെന്ന് റേഡിയോയിലൂടെ പാട്ടുകേട്ടു. വിനുക്കുട്ടൻ തുള്ളിച്ചാടി.

പാട്ടുകേട്ടു വിനുവിന്റെ കുഞ്ഞനുജത്തി അവിടേക്ക് ഓടിവന്നു. നെറ്റിയിൽ വലിയ പൊട്ട് തൊട്ട് തലയിൽ പൂവും ചൂടിയാണ് അവളുടെ വരവ്. പിന്നാലെ പായസവുമായി അമ്മയും ഉണ്ട്.

'മോളേ ഈ പായസം കുടിക്കൂ.'

"ഇല്ല, എനിക്കുവേണ്ട." "ഈ കൊച്ചു ടി.വി. കുടിച്ചാലേ ഞാനും പായസം കുടിക്കൂ..."

അമ്മ ടി.വി യെ ഉറക്കെ വിളിച്ചു.

'ടി.വി... ടി.വി... കുഞ്ഞു ടി.വി...' നീ ഇങ്ങു വന്നേ, നീയീ പായസം കുടിക്കൂ. എങ്കിലേ കുഞ്ഞിമോളും പായസം കുടിക്കൂ.

അമ്മയും കുഞ്ഞുമോളും ടി.വിയുടെ അടുക്കലേക്ക് പോയി.

'മുത്തശ്ശാ, നമുക്ക് ടി.വി. യിൽ സിനിമ കണ്ടാലോ?''

എല്ലാവരും പായസവും കുടിച്ച് സിനിമ കാണാൻ ടി.വി. യ്ക്ക് മുന്നിലിരുന്നു.

വിനുമോനേ, സിനിമയല്ലാതെ മറ്റെന്തൊക്കെ കാര്യങ്ങളാണ് ടി.വിയിലൂടെ കാണാനും കേൾക്കാനും കഴിയുക?

(സ്വതന്ത്ര പ്രതികരണം)

"മുത്തശ്ശാ, രാവിലെ പത്രംവായിച്ച് കുറെ വിശേഷങ്ങൾ എനിക്ക് പറഞ്ഞു തന്നല്ലോ. അപ്പോൾ നമുക്ക് പത്രത്തിലൂടെയും റേഡിയോയിലൂടെയും ടിവിയിലൂടെയും എല്ലാം വാർത്തകൾ അറിയാമല്ലേ?''

"അതെ, മോനേ, ഫോണിലൂടെയും അറിയാം ദൂരെയുള്ളവരുമായി സംസാരിക്കുകയും ചെയ്യാം."

"മുത്തശ്ശാ, ഇന്നലെ എന്താ എഴുതിക്കോണ്ടിരുന്നത്?"

"അതോ, എന്റെ കൂട്ടുകാരന് ഇവിടുത്തെ വിശേഷങ്ങൾ എഴുതിയതാ."

"ആണോ, ആ മുത്തശ്ശന് ആരാ ഈ വിശേഷങ്ങൾ എത്തിക്കുക."

"വിശേഷങ്ങൾ എഴുതിയ കത്ത് പോസ്റ്റ്മാൻ കൊടുക്കും"

"മുത്തശ്ശാ സിനിമ തുടങ്ങി." എല്ലാവരും സിനിമ കാണാൻ തുടങ്ങി.

വർക്ക്ഷീറ്റ് 28.1

വേറിട്ട വാർത്ത നൽകുന്നു.

- വാർത്താവിനിമയ മാധ്യമങ്ങൾ അല്ലാത്തവ കണ്ടെത്തി വട്ടത്തിലാക്കുന്നു.

## വിലയിരുത്തൽ

- കൂട്ടത്തിൽ പെടാത്തത് കണ്ടെത്താൻ കഴിയുന്നു.

# തീം 29 വെള്ളം, പുഴ, കടൽ

**ആമുഖം**

വെള്ളത്തിൽ കളിക്കാനും ജലകേളികളിൽ മുഴുകാനും ഇഷ്ടമില്ലാത്തവരായി ആരുമില്ല. കുട്ടികളെ സംബന്ധിച്ചിടത്തോളം വെള്ളത്തിലും മഴയിലും കളിക്കാൻ ഒരുപാട് ഇഷ്ടമാണ്. മഴയത്ത് കടലാസ് തോണി ഉണ്ടാക്കി കളിക്കാനും തോടിലും പുഴയിലും നീന്തിക്കുളിക്കാനും അവർ ഒരുപാട് ഇഷ്ടപ്പെടുന്നു. വെള്ളം ഒഴുക്കി കളയാനുള്ളതല്ല, മറിച്ച് അവ സംരക്ഷിക്കേണ്ടതാണ് എന്ന ബോധം കൂടി ഈ തീമിലൂടെ കുട്ടികളെ ബോധ്യപ്പെടുത്തണം. പല ആവശ്യങ്ങൾക്കും നമ്മൾ വെള്ളം ഉപയോഗിക്കുന്നു. അതിനാൽ വീട്ടിലുള്ള മറ്റ് അംഗങ്ങളെപ്പോലെ എനിക്കും ഉത്തരവാദിത്തം ഉണ്ടെന്ന് കുട്ടി മനസ്സിലാക്കണം. ജലം അമൂല്യമാണെന്നും വിവിധ ജലസ്രോതസുകളെ സംരക്ഷിക്കേണ്ടതുണ്ടെന്നും കുട്ടി അറിയണം. കുട്ടിയുടെ ഭാഷാ, വൈജ്ഞാനിക - ശാരീരികചാലക, സർഗാത്മക സൗന്ദര്യാത്മക വികാസങ്ങൾ പരിഗണിച്ചാണ് അനുഭവപ്രവർത്തനങ്ങൾ ഒരുക്കിയിരിക്കുന്നത്. ഈ തീമിലൂടെ കുട്ടിക്ക് ജലത്തിന്റെ മഹത്വം മനസ്സിലാക്കാൻ കഴിയട്ടെ.

**പ്രവർത്തനക്രമം**

1. ചിത്രവായന - പുഴ, കടൽ, കുളം, കിണർ, ജലസ്രോതസ്സ്
   ↓
2. വർക്ക്ഷീറ്റ് **29.1 നമുക്കു കഥപറയാം**
   ↓
3. വെള്ളം നിറയ്ക്കൽ കളി
   ↓
4. ലഘു പരീക്ഷണം
   ↓
5. വർക്ക്ഷീറ്റ് 29.2 **വരികൾ ചേർക്കാം. പാടാം.**
   ↓
6. പ്രകൃതിനടത്തം

## വർക്ക്ഷീറ്റ് -29.1 നമുക്ക് കഥപറയാം

**വികാസമേഖലകൾ** :
- ഭാഷാവികാസം
- വൈജ്ഞാനികവികാസം

**ശേഷികൾ** :
1. ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു (18).
2. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : വിവിധ ജലാശയങ്ങളുണ്ട്. (പുഴ, കടൽ)

**സാമഗ്രികൾ** : വർക്ക്ഷീറ്റ്

**സന്ദർഭം** : ചിത്രവായനയ്ക്കു ശേഷം

**പ്രക്രിയ**

- ആഖ്യാനം

മല്ലശ്ശേരി കുളത്തിൽ ഒരു ആമക്കുട്ടൻ ഒറ്റയ്ക്ക് താമസിച്ചിരുന്നു.

“ഓ, ഈ കുളത്തിൽ ഇങ്ങനെ കഴിഞ്ഞിട്ട് ഒരു രസവുമില്ല. വേറെ എവിടേയ്ക്കെങ്കിലും പോകാം.” ആമ കുളത്തിൽ നിന്നും കയറി. നടന്നു നടന്ന് പുഴക്കരയിലെത്തി.

വലിയ പുഴ

ആമ പുഴയിലിറങ്ങി. നീന്തി.

"ആമയമ്മാവാ, എവിടെ പോവുകയാ?" മീനുകൾ ചോദിച്ചു.

"ദൂരെ, ദൂരെ.... ദൂരെ"

"ഞങ്ങളും വരട്ടെ."

"ഓ വന്നോളൂ."

ആമയും മീനുകളും ഒഴുക്കിനൊപ്പം നീന്തി.

നീന്തി, നീന്തി, ഒത്തിരി ദൂരം എത്തിയപ്പോൾ മീനുകൾ പറഞ്ഞു. "അയ്യോ, വെള്ളത്തിന് കയ്പ്, ഉപ്പു രസം."

"കടലടുത്തു. ഇനി ഞങ്ങളില്ല."

'അതെന്താ?' ആമ ചോദിച്ചു.

"ഉപ്പു വെള്ളത്തിൽ ഞങ്ങൾക്ക് ജീവിക്കാനാവില്ല, ഞങ്ങൾ ചത്തു പോകും. പുഴ മത്സ്യങ്ങളാ ഞങ്ങൾ."

'എന്നാൽ നിങ്ങൾ വരണ്ട. ഞാൻ പോകാം.' ആമ പറഞ്ഞു.

റ്റാറ്റാ......

ആമ മുന്നിലേയ്ക്ക് നീന്തി.

കടലിന്റെ ഇരമ്പം.

വെള്ളത്തിനെന്തോ പ്രശ്നമുണ്ട്. ആമക്കുട്ടനു തോന്നി.

ആമ നീന്തി കരയിൽ കയറി നടന്നു. കടലിനടുത്തേയ്ക്ക് നടന്നു.

"നിൽക്കവിടെ?"

ഒരു കൂട്ടം വലിയ ആമകൾ ആമക്കുട്ടനെ തടഞ്ഞു.

'ഇവിടെ നിനക്ക് പ്രവേശനമില്ല.'

'അതെന്താ?'

"ഇത് കടലാമകളുടെ സ്ഥലമാണ്. കരയാമകൾക്കുള്ളതല്ല."

"എനിക്ക് കടലു കാണണം."

"കരയിൽ നിന്ന് കണ്ടോ. കടലിൽ ഇറങ്ങിയാൽ ചത്തുപോകും."

ആമക്കുട്ടൻ വിഷമിച്ചു.

വിഷമം കണ്ടപ്പോൾ കടലാമകൾ പറഞ്ഞു.

'ആ മീൻ വള്ളത്തേലെങ്ങാനും ഒളിച്ചു കയറിയാ മതി.

കടലു കണ്ട് മടങ്ങി വരാം.'

ആമക്കുട്ടൻ മീൻ വള്ളത്തിൽ കയറി. തുഴയുടെ അടിയിൽ പാത്തിരുന്നു.

വള്ളക്കാർ വന്നു. തുഴയെടുത്തു.

'അതാ ഒരാമ.' അവർ ആമയെ എടുത്ത് കരയിലേയ്ക്കെറിഞ്ഞു. ആമക്കുട്ടൻ കരഞ്ഞുകൊണ്ട് പുഴയിലേക്ക് മടങ്ങി.

വർക്ക്ഷീറ്റ് 29.1

ആമക്കുട്ടന്റെ കഥ, നമുക്കും പറഞ്ഞു നോക്കിയാലോ? 'നമുക്കു കഥപറയാം.' നൽകുന്നു.

ചിത്രം നോക്കി കഥ പറയുന്നു.

## വിലയിരുത്തൽ

- ചിത്രങ്ങൾ നിരീക്ഷിച്ച് ശരിയായി കഥ പറയാൻ കഴിയുന്നു.

## വർക്ക്ഷീറ്റ് -29.2 വരികൾ ചേർക്കാം! പാടാം.

**വികാസമേഖല** : സർഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷി** : വ്യത്യസ്ത സാഹചര്യങ്ങളിൽ വിവിധ തീമുകളുമായി ബന്ധപ്പെടുത്തി പുതിയ പാട്ടുകൾ/ കണ്ടെത്താനും പദങ്ങൾ, വരികൾ കൂട്ടിച്ചേർത്തു പാടാനും കഴിയുന്നു (65).

**ആശയം** : കുടിക്കാനും കുളിക്കാനും ആഹാരം പാകം ചെയ്യാനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും വെള്ളം ഉപയോഗിക്കുന്നു.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : വെള്ളവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണത്തിനുശേഷം.

**പ്രക്രിയ**

- പാട്ട് :

മഴ മഴ മഴ മഴ മഴത്തുള്ളി
വാ വാ വാ വാ മഴത്തുള്ളി
കിണറു നിറയ്ക്കൂ മഴത്തുള്ളി
പുഴകൾ നിറയ്ക്കൂ മഴത്തുള്ളി
(മഴ, മഴ...)
കുളിക്കാൻ വെള്ളം നൽകാമോ?
കുടിക്കാൻ വെള്ളം നൽകാമോ?
വാ വാ വാ വാ മഴത്തുള്ളീ
(മഴ, മഴ...)
ചോറുണ്ടാക്കാൻ വേണം വെള്ളം
കറിയുണ്ടാക്കാൻ വേണം വെള്ളം
വാ വാ വാ വാ മഴത്തുള്ളി
(മഴ, മഴ....)
പാത്രം കഴുകാൻ വേണം വെള്ളം
കളിച്ചു രസിക്കാൻ വേണം വെള്ളം
വാ വാ വാ വാ മഴത്തുള്ളി
മഴ മഴ മഴ മഴ മഴത്തുള്ളി
വാ വാ വാ വാ മഴത്തുള്ളി

വർക്ക്ഷീറ്റ് 29.2 ‘വരികൾ, ചേർക്കാം പാടാം. നൽകുന്നു.

ചിത്രം നോക്കി പാടുന്നു.

കൂടുതൽ വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.

## വിലയിരുത്തൽ

- പാട്ടുകൾ താളത്തിൽ പാടാനും. ഭാവനയ്ക്കനുസരിച്ച് കൂടുതൽ വരികൾ ചേർത്ത് പാടാനും കഴിയുന്നു.

# തീം 30 മരങ്ങൾ, കാട്

**ആമുഖം**

നമ്മുടെ നാട്ടിൽ നട്ടുവളർത്തുന്നതും അല്ലാത്തതുമായ ധാരാളം ചെടികളും മരങ്ങളും ഉണ്ടെന്ന് കുട്ടികൾക്കറിയാം. അവ നമുക്ക് തണലേകുന്നു, ശുദ്ധവായു നൽകുന്നു, പഴങ്ങളും മറ്റും നൽകുന്നു. വീട്ടുപകരണങ്ങൾ നിർമിക്കാനും വിറക് കത്തിക്കാനും പേപ്പറുകൾ നിർമിക്കാനും മരങ്ങൾ നമ്മെ സഹായിക്കുന്നു എന്ന വസ്തുത കുട്ടികൾ അറിയേണ്ടതുണ്ട്. നമ്മെ സഹായിക്കുന്ന മരങ്ങളെ വെട്ടി നശിപ്പിക്കാതെ സംരക്ഷിക്കേണ്ട ആവശ്യകതയും ഈ തീമിലൂടെ മനസ്സിലാക്കാൻ കഴിയുന്നു.

കാട്ടിൽ, നാട്ടിൽ ഉള്ളതിനേക്കാൾ കൂടുതൽ മരങ്ങളും ചെടികളും ഉണ്ടെന്നും കൂടാതെ മൃഗങ്ങളുടെയും പക്ഷികളുടെയും വാസസ്ഥലമാണ് കാടെന്നും ഈ തീമിലൂടെ കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയണം. ശാരീരിക ചാലകവികാസവും വൈജ്ഞാനിക വികാസവും ഒന്നിച്ചുചേർത്തുള്ള പ്രവർത്തനങ്ങളാണ് ഈ തീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാടും മരങ്ങളും നശിപ്പിക്കാതെ അവ സംരക്ഷിക്കണമെന്ന സന്ദേശവും മരങ്ങളും ചെടികളും നടാനുള്ള ഒരു പ്രചോദനവും കുട്ടികൾക്ക് ഈ തീമിലൂടെ ഉണ്ടാകട്ടെ!

**പ്രവർത്തനക്രമം**

1. സ്വതന്ത്രഭാഷണം - വീട്ടിലെ മരങ്ങൾ

↓

2. വർക്ക്ഷീറ്റ് 30.1 **ഞങ്ങൾക്കും വേണം നിറം**

↓

3. പ്രകൃതി നടത്തം-സ്കൂളും പരിസരം

↓

4. ആംഗ്യപാട്ട്

↓

5. വർക്ക്ഷീറ്റ് 30.2 **ഒളിച്ചിരിക്കുന്നതാര്?**

↓

6. ശബ്ദങ്ങൾ തിരിച്ചറിയൽ കളി

↓

7. വർക്ക്ഷീറ്റ് 30.3 **വരയ്ക്കാം ! വ്യത്യാസങ്ങൾ പറയാം**

## വർക്ക്ഷീറ്റ് - 30.1 ഞങ്ങൾക്കും വേണം നിറം

**വികാസമേഖലകൾ** :
- ശാരീരികചാലകവികാസം
- വൈജ്ഞാനികവികാസം

**ശേഷികൾ** :
1. ക്രയോൺസ് ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (5).
2. പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).
3. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അവുഭവങ്ങളുടെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു ((31).

**ആശയം** : കാട്ടിൽ മൃഗങ്ങളും പക്ഷികളും ഉണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : മരങ്ങളെക്കുറിച്ചുള്ള സ്വതന്ത്രഭാഷണത്തിനു ശേഷം.

**പ്രക്രിയ**

- ആഖ്യാനം

പണ്ട്, പണ്ട് മൃഗങ്ങൾക്കെല്ലാം വെള്ള നിറമായിരുന്നു. വരയും പുള്ളിയും ഒന്നുമില്ല. വെള്ള

യാന, വെള്ളപ്പുലി, വെള്ളക്കുരങ്ങ്, വെള്ളക്കടുവ, വെള്ളസിംഹം.

എല്ലാം വെള്ള...

പറവകൾക്കെല്ലാം നല്ല നിറമുള്ള കുപ്പായമുണ്ട്.
'കിളികളേ... കിളികളേ... ഞങ്ങൾക്ക് നിറം തരുമോ? മൃഗങ്ങൾ ചോദിച്ചു'
'രാത്രിയാകട്ടെ'. കിളികൾ പറഞ്ഞു.
'എന്താ ചെയ്യുക?' കിളികൾ ഒത്തുകൂടി
രാത്രിയായി.
മൃഗങ്ങളെല്ലാം നല്ല ഉറക്കമായി.
മൂങ്ങയാണ് പെയിന്റ് കട നടത്തുന്നത്.
മൂങ്ങകൾ പെയിന്റും ബ്രഷും എടുത്ത് ഇറങ്ങി.
നേരം വെളുക്കുന്നതിന് മുൻപായി പെയിന്റടിച്ച് തീർക്കണം. പെയിന്റടി തുടങ്ങി.
ജിറാഫിന് കറുത്ത വരകൾ..
പുലിക്ക് മഞ്ഞയും പുള്ളിയും.
ഇങ്ങനെ ഉറങ്ങിക്കിടന്ന ഓരോ മൃഗങ്ങൾക്കും പെയിന്റടിച്ചു.
നേരം വെളുക്കാറായി. മൂങ്ങകൾ വേഗത്തിൽ പെയിന്റടിച്ചു.
നേരം വെളുത്തു. മൃഗങ്ങളും പക്ഷികളും ഉണർന്നു.
അവ പരസ്പരം നോക്കി. കരടി, കടുവ, കുരങ്ങൻ സിംഹം എല്ലാവർക്കും നിറങ്ങളുണ്ട്. ആനയ്ക്ക് മാത്രം നിറമില്ല. ജിറാഫിനും പുള്ളിപ്പുലികൾക്കും വരയൻ കുതിരയ്ക്കും കുറച്ചിടത്തു മാത്രം നിറങ്ങൾ, മൂങ്ങകൾ ഉപേക്ഷിച്ചുപോയ പെയിന്റ് എടുത്ത് മൃഗങ്ങൾ പരസ്പരം നിറം നൽകി. എങ്ങനെയായിരിക്കും അവർ നിറം നൽകിയിട്ടുണ്ടാവുക?

വർക്ക്ഷീറ്റ് 30.1 — 'ഞങ്ങൾക്കും വേണം നിറം' നൽകുന്നു.

## വിലയിരുത്തൽ

- മൃഗങ്ങളുടെ നിറം തിരിച്ചറിഞ്ഞ് ശരിയായി നിറം നൽകാൻ കഴിയുന്നു.
- മൃഗങ്ങൾക്ക് അനുയോജ്യമായ നിറം, വരകൾ, പുള്ളി തുടങ്ങിയവ നൽകുന്നു.

## വർക്ക്ഷീറ്റ് -30.2 ഒളിച്ചിരിക്കുന്നതാര്?

**വികാസമേഖലകൾ** :
- ശാരീരികചാലക വികാസം
- വൈജ്ഞാനിക വികാസം

**ശേഷികൾ** :
1. പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).
2. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ പറയാനും കഴിയുന്നു (31).

**ആശയം** : 1. മരങ്ങളെയും കാടിനെയും സംരക്ഷിക്കണം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺ, സ്കെച്ച് പെൻ

**സന്ദർഭം** : ആംഗ്യപ്പാട്ടിനു ശേഷം.

**പ്രക്രിയ**

- ആഖ്യാനം : ഭംഗിയുള്ള നിറങ്ങൾ കിട്ടിയപ്പോൾ മൃഗങ്ങളെല്ലാം വളരെ സന്തോഷത്തിലായി. ഒരു ദിവസം ഒരു കൂട്ടം വേട്ടക്കാർ കാട്ടിലെത്തി.

കിളികൾ ഇതു കണ്ടു. അപകടം മനസ്സിലാക്കിയ കിളികൾ

കു... കൂ.... കൂ...

കി... കീ... കീ....

ക .... ക... കാ

എന്ന് ഒച്ചവച്ച് പറന്നു. മരങ്ങളിൽ ഒളിച്ചിരുന്ന

വേട്ടക്കാർ പേടിച്ചില്ല

ചിൽ.... ചിൽ... ചിൽ... എന്ന് ശബ്ദമുണ്ടാക്കി.

വേട്ടക്കാർ പേടിച്ചില്ല

കിളികളുടെ ശബ്ദം കേട്ട് മൃഗങ്ങൾ കാര്യം തിരക്കി.

കിളികളും മൃഗങ്ങളും എല്ലാവരും കൂടി ശബ്ദമുണ്ടാക്കി. മൃഗങ്ങൾ വേട്ടക്കാരുടെ പിന്നാലെ ഓടി.

ക... കാ... കി.. കീ... കൂ...

ർ... ഘർ... ഗർ... ശർ...

വേട്ടക്കാർ പേടിച്ചോടി

ഓടുന്ന വഴിക്ക് തോക്കിൽ നിന്നും വെടി പൊട്ടി

ഠെ.. ഠെ... ഠേ... ഠേ....

തേനീച്ചക്കൂട്ടിലാണ് വെടി കൊണ്ടത്.

തേനീച്ചകൾ മൂളിവന്നു.

ഉം.. ഉം... ഉം.. ഉം...

വേട്ടക്കാരെ പൊതിഞ്ഞു.

കുത്തോടു കുത്ത്

വേട്ടക്കാർ ഓടി പുഴയിൽ ചാടി

നീന്തി (അഭിനയം)

നല്ല ഒഴുക്ക്

ഒഴുകിയൊഴുകി അവർ കടലിൽ ചെന്നു

കടൽ അവരെ കരയ്ക്കെറിഞ്ഞു.

മൃഗങ്ങൾ മടങ്ങിവന്ന് നോക്കുമ്പോൾ കിളികളെ കാണാനില്ല.

ഒളിച്ചിരിക്കുന്ന കിളികളെ കണ്ടെത്തൂ

വർക്ക് ഷീറ്റ് 30.2 — "ഒളിച്ചിരിക്കുന്നതാര്" നൽകുന്നു.

- മരങ്ങളിൽ ഒളിച്ചിരിക്കുന്ന കിളികൾക്ക് നിറം നൽകി കണ്ടെത്തുന്നു.
- ചിത്രം പൂർത്തിയാക്കുന്നു.
- അനുയോജ്യമായ നിറം നൽകുന്നു

## വിലയിരുത്തൽ

- കണ്ടെത്തിപ്പറയാനും പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് നിറം നൽകി ചിത്രം പൂർത്തിയാക്കാനും കഴിയുന്നു.

## വർക്ക്ഷീറ്റ് -30.3 വരയ്ക്കാം! വ്യത്യാസങ്ങൾ പറയാം

**വികാസമേഖലകൾ** :

1. ശാരീരികചാലകവികാസം
2. ഭാഷാവികാസം
3. വൈജ്ഞാനികവികാസം

**ശേഷികൾ** :

1. പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (13).
2. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).
3. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു. (31).

**ആശയം** : 1. മരങ്ങളെയും കാടിനെയും സംരക്ഷിക്കണം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ് 30, ക്രയോൺസ്.

**സന്ദർഭം** : ശബ്ദങ്ങൾ തിരിച്ചറിയൽ കളിക്കു ശേഷം.

**പ്രക്രിയ**

- ആഖ്യാനം : മരങ്ങളും മഴയും ചങ്ങാതിമാരായിരുന്നു. എല്ലാ വർഷവും മഴ മരങ്ങളെ കാണാനെത്തും. പനിനീർത്തുള്ളികൾ വാരിക്കുടയും; അപ്പോൾ മരങ്ങളിൽ തളിരിലകൾ തുരുതുരാ വിരിയാൻ തുടങ്ങും. ഇലകളിൽ മഴത്തുള്ളികൾ താളം പിടിക്കും.

ഒരിക്കൽ ഒരു മരം വെട്ടുകാരൻ വന്നു. ഓരോ ദിവസവും ഓരോ മരം വീതം മുറിക്കാൻ തുടങ്ങി. ഒടുവിൽ ഒറ്റമരവും ഇല്ലാതായി. മഴ വന്നപ്പോൾ കൂട്ടുകാരെ കാണാനില്ല. മഴയ്ക്ക് വിഷമമായി. മഴ പിണങ്ങിപ്പോയി. മഴ വരാതായപ്പോൾ കിണറുകൾക്ക് വിഷമമായി. അത് വെള്ളത്തെ ഒളിപ്പിച്ചുവച്ചു. പുഴകൾക്കും വിഷമമായി. അതും വെള്ളത്തെ ഒളിപ്പിച്ചു. മരം വെട്ടുകാർക്ക് ദാഹിച്ചു. കുടിക്കാൻ വെള്ളമില്ല. ഒന്നിനും വെള്ളമില്ല. മരം വെട്ടുകാർക്ക് കാര്യം മനസ്സിലായി. അവർ ആലോചിച്ചു.

‘ഒരു ചെടി നട്ടു.’ വീണ്ടും നട്ടു ഒരു ചെടി.
മരം വളർന്നു. മാനം മുട്ടെ വളർന്നു.
മരങ്ങളെല്ലാം വളർന്നു.
മഴയെ വിളിച്ചു. മഴ തിരികെ വന്നു.
എല്ലാവർക്കും സന്തോഷമായി.

വർക്ക് ഷീറ്റ് 30.3 ‘വരയ്ക്കാം വ്യത്യാസങ്ങൾ പറയാം’

- ചിത്രം നിരീക്ഷിക്കുന്നു.
- കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കുന്നു.
- നിറം നൽകുന്നു
- രണ്ടു ചിത്രങ്ങളും താരതമ്യം ചെയ്ത് പറയുന്നു.

## വിലയിരുത്തൽ

- പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ചിത്രങ്ങൾക്ക് നിറം നൽകുന്നു. സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നു.